RAMRAJ
കോട്ടൺ
ഇന്ത്യയുടെ സംസ്കാരം

വാല്യം 8 ● ലക്കം 4 ● ഡിസംബർ 2025 ● വില: 18 രൂപ

വെണ്മ

മലയാളം മാസിക

പുതിയ കാഴ്ചകൾ

അഭിനിവേശം
പ്രത്യേക പതിപ്പ്

LINEN PARK®
DHOTIS • SHIRTS • TROUSERS • FABRICS
by
RAMRAJ
STYLED IN LINEN. DEFINED BY RAMRAJ
Available at Ramraj Showrooms & All leading Textile Shops | Shop Online at www.ramrajcotton.in

RAMRAJ
കോട്ടൺ
ഇന്ത്യയുടെ സംസ്കാരം

ഏതു മേഖലയിലാണ് നമ്മുടെ താൽപര്യവും അഭിനിവേശവും എന്ന് കണ്ടറിഞ്ഞ് ആ രംഗത്ത് കഠിനാധ്വാനം ചെയ്ത് ജീവിതത്തിൽ വളർച്ചയും ഉയർച്ചയും നേടാൻ വഴികാട്ടുന്ന

അഭിനിവേശം

പ്രത്യേക പതിപ്പ്

താങ്കൾക്ക്
സമ്മാനിക്കുന്നതിൽ
അഭിമാനമുണ്ട്.

മാന്ത്രിക താക്കോൽ

പ്രിയരേ,

പഠിക്കാനുള്ള അഭിനിവേശമാണ് കുട്ടികളുടെ സ്വാഭാവികത. ഓരോ ദിവസവും ഓരോരോ വിഷയങ്ങൾ തികഞ്ഞ അഭിനിവേശത്തോടെ തേടി കണ്ടുപിടിച്ച് പഠിച്ചാണ് ഒരു കുട്ടി ആരോഗ്യത്തോടെ വളരുന്നത്. തികഞ്ഞ താൽപര്യത്തോടെ ചോദ്യങ്ങൾ ചോദിക്കുന്ന കുട്ടികൾ നല്ല വ്യക്തിത്വം ഉള്ളവരായി വളരും.

മനുഷ്യരിൽ അഭിനിവേശവും സ്വാഭാവികമായി ഉൾച്ചേർന്നിരിക്കുന്നു. ഏതിലാണ് നാം കൂടുതൽ താൽപര്യം കാട്ടുന്നത് എന്നതാണ് പ്രധാനം. എല്ലാ പ്രായത്തിലും പഠനത്തിൽ പ്രധാന അംശം നമ്മുടെ അഭിനിവേശമാണ്. അത് നമ്മുടെ ജീവിതത്തിന് ഊർജസ്വലത നൽകുന്നു. മനസ്സിന് യുവത്വം നൽകുന്നു. അഭിനിവേശം ഇല്ലെങ്കിൽ ജീവിതത്തിൽ വിരക്തി അനുഭവപ്പെടും.

ഏതു കാര്യത്തിലാണ് നമുക്ക് അധിക താൽപര്യം എന്നതാണ് ജീവിതത്തിൽ ഉയർച്ചയും താഴ്ചയും സമ്മാനിക്കുന്നത്. ഓരോ ദിവസവും മാധുര്യത്തോടെ തള്ളി നീക്കാനും നമ്മുടെ അഭിനിവേശം സഹായകമാകും. നല്ല കാര്യങ്ങളിൽ താൽപര്യം ഉള്ളവർക്ക് പൂർണ ജീവിതം ലഭിക്കുന്നു. ചീത്ത അഭിലാഷങ്ങൾ ഉള്ളവർക്ക് അതിന്റെ ദോഷഫലങ്ങളും അനുഭവിക്കേണ്ടി വരും.

അഭിനിവേശം എന്നത് അത്ഭുതകരമായ മാന്ത്രിക താക്കോലാണ്. അത് എത്ര ദുർഘടമായ കതകും സുഗമമായി തുറക്കും. അഭിനിവേശമുള്ളവർ തങ്ങൾക്ക് അറിയാത്ത വിഷയങ്ങൾ പഠിക്കാൻ താൽപര്യം കാട്ടും. ചോദ്യങ്ങൾ നിരന്തരമായി ചോദിക്കും. തങ്ങളുടെ പ്രതിഭ വളർത്താനും തങ്ങൾ ആഗ്രഹിക്കുന്ന കാര്യം നടപ്പാക്കുന്നതിലും അവർ ജാഗൂകരായിരിക്കും. ഇത് ഒരാളെ തങ്ങൾക്ക് താൽപര്യമുള്ള മേഖലകളിൽ നിപുണരായി മാറ്റാനും അവരെ മികച്ച തൊഴിലാളി, മികച്ച വ്യവസായി, മികച്ച അധ്യാപകൻ, മികച്ച രാഷ്ട്രീയ നേതാവ്, മികച്ച ശാസ്ത്രജ്ഞൻ, മികച്ച പ്രാസംഗികൻ എന്നിങ്ങനെ മികച്ച വ്യക്തികളെ നമുക്ക് സമ്മാനിക്കാനും കാരണമാകും.

നെഗറ്റീവ് ആയ അഭിനിവേശം നമ്മെ പിന്നോട്ട് കൊണ്ടു പോകും. പ്രായവ്യത്യാസമില്ലാതെ, സമൂഹ മാധ്യമങ്ങളിൽ ദീർഘനേരം ചെലവിടുന്നവരുടെ സംഖ്യ ഇപ്പോൾ ക്രമാതീതമായി വർധിച്ചു

വരികയാണ്. ചിലർ ശരാശരി നാല് മണിക്കൂർ അവിടെ ചെലവഴിക്കുന്നു. പലരും അതീവ താൽപര്യത്തോടെ ചെലവഴിക്കുന്ന ഈ സമയം നമ്മെ ഒന്നും പുതുതായി പഠിപ്പിക്കുന്നില്ല. നമ്മുടെ ശ്രദ്ധയെ ഇത് ദോഷകരമായി ബാധിക്കുന്നു. ഏതെങ്കിലും കാര്യത്തിൽ അര മണിക്കൂർ ഗൗരവത്തോടെ ചെലവഴിക്കാനുള്ള നമ്മുടെ ശേഷി ഇത് മൂലം കുറയുന്നു. മനസ്സിനെയും ശരീരത്തിനെയും ബാധിക്കുന്ന വിഷയങ്ങളിൽ വ്യാപരിക്കുന്നവർ തങ്ങളുടെ ജീവിതത്തിലെ നിർണായക കാര്യങ്ങൾ പലപ്പോഴും അവഗണിക്കാൻ നിർബന്ധിതരാകുന്നു.

തികഞ്ഞ അഭിനിവേശം പ്രകടിപ്പിക്കുന്നവരുടെ പ്രവർത്തനശേഷി അളക്കാൻ ഒരു ഗവേഷണം നടന്നു. അതിൽ ഇവർ നല്ല ചുറുചുറുക്കുള്ളവരും ഏതും അറിയാനും മനസ്സിലാക്കാനും ശേഷിയുള്ളവരുമായി വിലയിരുത്തപ്പെട്ടു. ഒരാൾ തന്റെ മാനസിക തടസ്സങ്ങളെ നേരിട്ട് മുന്നോട്ടു വരാനുള്ള അഭിനിവേശം അയാളുടെ വലിയ ശക്തിയാണെന്ന് ആ പഠനത്തിൽ വ്യക്തമാക്കി.

ഗതാഗത സൗകര്യം പോലും ഇല്ലാതിരുന്ന രാമേശ്വരം പോലെയുള്ള ഒരു ദ്വീപിൽ കഴിഞ്ഞ അബ്ദുൾ കലാമിന് തന്റെ വിദ്യാഭ്യാസത്തിലുള്ള കടുത്ത അഭിനിവേശമാണ് അദ്ദേഹത്തെ വലിയ ശാസ്ത്രജ്ഞനായി ഉയർത്തിയത്. വിദ്യാഭ്യാസം ഉപേക്ഷിക്കാൻ നിരവധി കാരണങ്ങൾ ഉണ്ടായിട്ടും അദ്ദേഹം അതിലുള്ള തന്റെ അഭിനിവേശം മൂലം എല്ലാ പ്രതിബന്ധങ്ങളെയും മറികടന്നു.

ഞാൻ ബിസിനസുമായി ബന്ധമില്ലാത്ത ഒരു ചെറിയ കർഷക കുടുംബത്തിലാണ് ജനിച്ചത്. എങ്കിലും ഏതെങ്കിലും ബിസിനസ് ചെയ്യണം എന്ന് എന്റെ 13-ആമത്തെ വയസ്സിൽ തന്നെ ഞാൻ തീരുമാനിച്ചു. എന്റെ ശക്തമായ അഭിനിവേശമാണ് ബിസിനസിലേക്ക് എന്നെ കൈ പിടിച്ചു കയറ്റിയത്. വേഷ്ടി വ്യവസായത്തിന്റെ വ്യത്യസ്തമായ വശങ്ങൾ ഞാൻ ദക്ഷിണേന്ത്യ മുഴുവൻ നിരവധി വർഷങ്ങൾ ബിസിനസ് ചെയ്ത് സ്വായത്തമാക്കി. എന്റെ 23- ആം വയസ്സിൽ രാംരാജ് കോട്ടൺ തുടങ്ങി. ഇന്ന് രാംരാജ് എന്ന് കേട്ടാൽ വേഷ്ടി എല്ലാവരുടെയും മനസ്സിൽ തെളിയും.

The Culturepreneur

ഇതിനു പിന്നിൽ എന്റെ ഉൽക്കടമായ മോഹവും നാൽപതു വർഷത്തെ കഠിനാധ്വാനവും ഉണ്ട്.

ഞാൻ വേഷ്ടി ബിസിനസിൽ ഇറങ്ങിയപ്പോൾ തിരുപ്പൂരിൽ കയറ്റുമതി വ്യവസായം അതിന്റെ ഔന്നത്യത്തിലായിരുന്നു. എല്ലാവരും അത് പിന്തുടരാനാണ് എന്നോട് ആവശ്യപ്പെട്ടത്. 'ആരും മുണ്ട് ഉടുക്കാറില്ല. അത് വിറ്റ് ബിസിനസ് ചെയ്യാനാണോ ഭാവം' എന്ന് പലരും ചോദിച്ചു എന്റെ ആഗ്രഹത്തെ തല്ലിക്കെടുത്താൻ അവർ നോക്കി. എന്നാൽ 'ഇത് ഒരു പുതിയ അവസരം. എനിക്ക് അറിയാവുന്ന ബിസിനസ്. ഇതിൽ പുതിയ വിപണി സൃഷ്ടിക്കാൻ കഴിയും' എന്ന് ഞാൻ തികഞ്ഞ അഭിനിവേശത്തോടെ കരുതി.

ഒരു പക്ഷേ കയറ്റുമതി വ്യവസായത്തിൽ ഞാൻ ഇറങ്ങിയിരുന്നെങ്കിൽ ഞാൻ വലിയ ധനികനായി മാറുമായിരുന്നു. എന്നാൽ പണം എന്റെ ലക്ഷ്യം ആയിരുന്നില്ല. 'നെയ്ത്തുകാർക്ക് ജീവിക്കാൻ ഒരു മാർഗം നൽകണം' എന്ന മോഹമാണ് എന്നെ നയിച്ചത്. ആ ലക്ഷ്യം ജയിക്കാൻ സഹായിച്ചു.

ഞാൻ പുതുതായി കണ്ടുപിടിച്ച ഒന്നല്ല വേഷ്ടി. ആയിരക്കണക്കിന് വർഷം മുമ്പ് പൂർവികർ സൃഷ്ടിച്ച വസ്ത്രമാണത്. അതിൽ ആരും താൽപര്യംകാട്ടാതിരുന്നവേളയിൽവേണ്ടമാറ്റങ്ങൾ വരുത്തി വേഷ്ടി ബിസിനസ് വിജയകരമാക്കി. പോക്കറ്റ് ഉള്ള വേഷ്ടികൾ, വെൽക്രോ മുണ്ടുകൾ, ഷർട്ടിനു ചേർന്ന കരയുള്ള മുണ്ടുകൾ, കുട്ടികൾക്ക് പ്രത്യകവേഷ്ടികൾഎന്നിങ്ങനെപലപുതുമയുള്ള വസ്ത്രങ്ങൾ ഞങ്ങൾ അവതരിപ്പിച്ചു. ഇതോടെ ഉപഭോക്താക്കൾ രാംരാജിനെ ഹൃദയത്തിലേറ്റി.

ഈ ജീവിതത്തിൽ എല്ലാം പഠിക്കുന്നതും നമ്മുടെ മികവുകളെ വളർത്തുന്നതും ഒരു അഭിനിവേശമായി മാറ്റിയാൽ ജീവിതം വ്യത്യസ്തവും മികവുറ്റതുമാകും. അണയാത്ത വിളക്ക് പോലെനാം നമ്മുടെ അഭിലാഷങ്ങളെ ഊട്ടി വളർക്കണം.

ഗുരു കൃപ
എല്ലാവർക്കും സമസ്ത
ഐശ്വര്യങ്ങളും ആശംസിച്ചു കൊണ്ട്

കെ ആർ നാഗരാജൻ
സ്ഥാപകൻ,
രാംരാജ് കോട്ടൺ

നിങ്ങളുടെ ഉള്ളിലുണ്ടോ തീവ്രമായ അഭിനിവേശം?

ഒരു കുട്ടി അതിയായ താൽപര്യത്തോടെ വയലിൻ വായിക്കാൻ പഠിക്കുകയാണ്. എന്നും ക്ലാസിൽ പോയി വന്നതിനു ശേഷവും അവൻ വയലിനിൽ തന്നെ പരിശീലനം. ഭാവിയിൽ താൻ വലിയ വയലിൻ വാദകൻ ആകുമെന്ന് അവൻ സ്വപ്നം കണ്ടു.

ഒരു ദിവസം അവൻ താമസിക്കുന്ന നഗരത്തിൽ ഒരു സംഗീത പരിപാടി നടക്കുന്നു. നാട്ടിലെ പ്രഗത്ഭനായ വയലിൻ വാദകൻ ആ മേളയിൽ എത്തിയിട്ടുണ്ട്. മേളയ്ക്കു പോയ അവൻ അദ്ദേഹത്തിന്റെ മാസ്മരികമായ വയലിൻ വാദനം കേട്ട് സ്വയം മറന്നു പോയി.

പരിപാടി കഴിഞ്ഞ ഉടനെ അദ്ദേഹം താമസിക്കുന്ന ഹോട്ടലിൽ തന്റെ വയലിനുമായി അവൻ ചെന്നു. ഏറെ നേരം കാത്ത ശേഷം അദ്ദേഹത്തെ കണ്ടു.

'എന്താണ് ഇവിടെ?' അദ്ദേഹം ചോദിച്ചു. 'ഭാവിയിൽ ഒരു വയലിൻ വാദകനാകാൻ ആഗ്രഹിക്കുന്നു ഞാൻ കുറച്ചു നേരം വയലിൻ വായിച്ചു കാട്ടട്ടെ. എന്റെ സ്വപ്നം ഫലിക്കുമോ അതോ വയലിൻ പഠനം നിർത്തണമോ എന്ന് പറയണം,' അവൻ അദ്ദേഹത്തിനോട് അഭ്യർത്ഥിച്ചു.

അദ്ദേഹം സമ്മതിച്ച ഉടനെ ആ ബാലൻ വയലിൻ വായിക്കാൻ ആരംഭിച്ചു. 'നാട്ടിലെ പ്രഗൽഭനായ വയലിൻ വാദകനു മുന്നിലാണ് താൻ വയലിൻ വായിക്കുന്നത് എന്നത് അവനെ ടെൻഷൻ ആക്കിയെങ്കിലും വലിയ പരിഭ്രമമില്ലാതെ അവൻ വയലിൻ വായിച്ചു. വായിച്ച ശേഷം അവൻ ആ പ്രതിഭയെ നോക്കി. അദ്ദേഹത്തിന്റെ ചുണ്ടുകളിലെ ഭാവം ആ മുഖത്തെ നിരാശ വെളിപ്പെടുത്തി. 'കുഴപ്പമില്ല. പക്ഷേ നിന്റെ ഉള്ളിൽ അഭിനിവേശം തീയായി പടർന്നിട്ടില്ല. അതില്ലെങ്കിൽ നിനക്ക് കഴിവുറ്റ വയലിൻ വാദകനാകാൻ കഴിയില്ല,' അദ്ദേഹം പറഞ്ഞു.

ഹൃദയം നുറുങ്ങി അവൻ വീട്ടിൽ തിരികെ വന്നു. ദിവസവും താൻ വലിയ ആഗ്രഹത്തോടെ വായിച്ചിരുന്ന വയലിൻ അവൻ പരണത്തു വച്ചു. 'ഇനി ഞാൻ വയലിൻ വായിക്കില്ല' എന്ന് അവൻ മാതപിതാക്കളോടു പറഞ്ഞു. അച്ഛൻ ചെയ്തു വന്ന ബിസിനസിലായി പിന്നെ അവന്റെ ശ്രദ്ധ. അവധി ദിവസങ്ങളിൽ അവൻ അവിടെ പോയിരിക്കും മെല്ലെ മെല്ലെ ബിസിനസ് രഹസ്യങ്ങൾ അവൻ പഠിച്ചു തുടങ്ങി. അച്ഛന്റെ ബിസിനസിൽ തുടർന്നാൽ നല്ല നിലയിൽ സമ്പാദിക്കാം എന്നവന്

മനസ്സിലായി. വലിയ അഭിനിവേശത്തോടെ അവൻ അതിൽ മുഴുകി. തന്റെ അനുഭവം വച്ച് ബിസിനസിൽ ഇറങ്ങിയ അവൻ അച്ഛനെ തന്നെ കവച്ചു വച്ചു. കുറച്ചു വർഷങ്ങൾക്കുള്ളിൽ അവൻ ആ നാട്ടിലെ വലിയ ബിസിനസുകാരനായി മാറി.

ഒരു ദിവസം വിമാന നിലയത്തിൽ ആ സംഗീത സമ്രാട്ടിനെ അവൻ വീണ്ടും കണ്ടു. സ്വയം പരിചയപ്പെടുത്തി. 'എന്നെ അന്ന് താങ്കൾ നല്ല വഴിക്ക് നയിച്ചു. താങ്കളുടെ അഭിപ്രായം മാനിച്ച് ഞാൻ ആഗ്രഹിച്ച വയലിൻ പഠനം നിർത്തി. അപ്പോൾ അത് വലിയ മനോവിഷമം ഉണ്ടാക്കി എങ്കിലും ഞാൻ വലിയ ബിസിനസുകാരൻ ആയതിനു പിന്നിൽ ആ തീരുമാനമാണ്. എന്നാലും ചില നിമിഷങ്ങൾ മാത്രം വായിച്ച എനിക്ക് അഭിനിവേശം ഇല്ലെന്ന് എങ്ങനെ കണ്ടുപിടിച്ചു?' അവൻ ചോദിച്ചു.

സംഗീത സമ്രാട്ട് അവനെ സൂക്ഷ്മമായിനോക്കി,'ഞാൻ എല്ലാവരോടും ഇങ്ങനെ തന്നെയാണ് പറയുന്നത്. തീവ്രമായ അഭിനിവേശം ഉണ്ടെങ്കിൽആരുംവയലിൻ ഉപേക്ഷിക്കില്ല. എന്റെ അഭിപ്രായം ശരിയല്ലഎന്ന് തെളിയിക്കാൻ അവർ വയലിൻ പഠിക്കും. നിനക്ക് വയലിൻ ഇഷ്ടമായിരുന്നു. പക്ഷേഅഭിനിവേശംബിസിനസിനോടായിരുന്നു,' അദ്ദേഹം പറഞ്ഞു.

അഭിനിവേശം നിങ്ങളുടെ ഉള്ളിൽ നിന്ന് ഉണ്ടാകേണ്ട കാര്യമാണ്. നിങ്ങളുടെ ഹൃദയത്തിലേക്ക് ആഴത്തിൽ ഇറങ്ങി ഏതാണ് നിങ്ങളുടെ ജീവിതത്തിന് ആധാരം എന്ന് അറിയുന്നതാണ് അത്. ചിലർ അത് ചെറിയ വയസ്സിൽ കണ്ടറിയും. ചിലർക്ക് അത് ജീവിതത്തിൽ ഏറെ മുന്നേറിക്കഴിയുമ്പോഴാണ് മനസ്സിലാകുക.

- നിങ്ങളുടെ സുരക്ഷിത വലയത്തിൽ നിന്ന് പുറത്തിറങ്ങി പ്രവർത്തിക്കണം. എന്നാൽ ഇരു വള്ളങ്ങളിൽ കാലു വയ്ക്കരുത്. പുതിയ ജോലികൾ ചെയ്യുമ്പോൾ അതിൽ ഏതാണ് നിങ്ങൾക്ക് താൽപര്യമുള്ളത് വ്യക്തമാകും. അത് പിന്തുടരുക.
- എന്ത്കാര്യം ചെയ്താലും അത് താൽപര്യപൂർവം ചെയ്യുമ്പോഴാണ് ഏതാണ് നിങ്ങൾക്ക് അനുയോജ്യം എന്ന് മനസ്സിലാകുക.
- ഒരു ജോലി ചെയ്യുമ്പോൾ ഇത് തനിക്കു പറ്റില്ല എന്ന് സ്വയം തോന്നിയാൽ വീണ്ടും അതിൽ മുഴുകരുത്. നേരവും പണവും ഇത് മൂലം ലാഭിക്കാം.

* ചെയ്യുന്ന പ്രവൃത്തി പൂർണമായി പഠിക്കണം. ചില വിഷയങ്ങൾ പഠിക്കുമ്പോൾ മനസംതൃപ്തി ലഭിക്കും. അത് ചെയ്യുമ്പോൾ സന്തോഷം ഉണ്ടാകും. ക്രമേണ അതിൽ താൽപര്യം ഉണ്ടാകാം.

- ഈ പ്രായത്തിൽ ഇത് പഠിക്കണോ ഇപ്പോൾ ഇത് പുതുതായി ചെയ്തു നോക്കണോ എന്നൊക്കെ ചിന്തിച്ച് മടിക്കരുത്. ഒരു ജോലിയോ ബിസിനസോ ചെയ്യാൻ വയസ്സോ മറ്റെന്തെങ്കിലും കാരണമോ തടസ്സമായി കാണരുത്. നിങ്ങൾക്ക് ഏതിലാണ് അഭിനിവേശം എന്ന് കണ്ടറിഞ്ഞ് പ്രവർത്തിക്കുന്നതാണ് ഉചിതം.

ഒരു ബാലൻ ക്രിക്കറ്റ് പരിശീലന കേന്ദ്രത്തിൽ ചേർന്നു. പേസ് ബൗളർ ആകണമെന്നത് അവന്റെ വലിയ അഭിലാഷമാണ്. ഏറെക്കാലം പരിശീലനം നടത്തി തന്റെ മികവ് അവൻ വർധിപ്പിച്ചു. പരിശീലനത്തിനിടയിൽ ചിലപ്പോൾ ബാറ്റിങ്ങും ചെയ്യണം. അങ്ങനെ കളിക്കുമ്പോഴാണ് പരിശീലകൻ അവനെ ശ്രദ്ധിക്കുന്നത്. അവന്റെ സ്റ്റൈൽ അയാളെ അതിശയിപ്പിച്ചു. 'നീ ബൗൾ ചെയ്യേണ്ട, ബാറ്റ് ചെയ്യൂ' എന്നായി അദ്ദേഹം. അവന് അത് ഇഷ്ടമായില്ലെങ്കിലും ബാറ്റിംഗ് തുടങ്ങി. അത് തനിക്ക് ഗുണകരമാകുമെന്ന് അവന് പിന്നിട് മനസ്സിലായി.

ആ ബാലൻ പിൽക്കാലത്ത് മറ്റാർക്കും സാധിക്കാത്ത നേട്ടങ്ങൾ കൈവരിച്ചു. ക്രിക്കറ്റിൽ ഒരു ദൈവം ഉണ്ടെങ്കിൽ അത് അയാൾ ആണെന്ന് എല്ലാവരും പറഞ്ഞു. അതാണ് സചിൻ തെൻഡുൽക്കർ. ക്രിക്കറ്റിൽ ഉള്ള അഭിനിവേശമാണ് ഭാരതരത്നം വരെയാകാൻ ആ പ്രതിഭയെ സഹായിച്ചത്. നിങ്ങളുടെ ഉയരങ്ങൾ നിങ്ങളുടെ അഭിനിവേശമാണ് നിശ്ചയിക്കുന്നത്. ●

അഭിനിവേശം എന്നാൽ ഇതാണ്

ജോലി, വ്യവസായം, ബിസിനസ്, പഠനം എന്നിങ്ങനെ നിങ്ങൾ ഏതു മേഖലയിൽ ഇരുന്നാലും ഒരു കാര്യം നിങ്ങൾ അഭിനിവേശത്തോടെ ചെയ്യുകയാണെങ്കിൽ അതിന്റെ അർത്ഥമെന്താണ്? ആ പ്രവൃത്തി നിങ്ങൾ ഇഷ്ടപ്പെട്ട് നിർവഹിക്കും. ആ പ്രവർത്തിയെ പറ്റി ആലോചിക്കുന്നത് മനസ്സിൽ ഒരു സുഖം ഉണ്ടാക്കും. അതേപ്പറ്റി വിടർന്ന മുഖത്തോടെ, ജ്വലിക്കുന്ന കണ്ണുകളോടെ നിങ്ങൾ സംസാരിക്കും. ആ പ്രവൃത്തി എത്ര നേരം വേണമെങ്കിലും ചെയ്യാൻ നിങ്ങൾ തയാറായിരിക്കും. അതിൽ ഏർപ്പെടുമ്പോൾ ക്ഷീണമെന്ന വിചാരമേ ഉണ്ടാകില്ല.

ജോലിക്ക് വരുമ്പോൾ ഉള്ള അതേ ചുറുചുറുക്കോടെ നിങ്ങൾ വീട്ടിൽ ചെല്ലും. അടുത്ത ദിവസം കണ്ണ് തുറക്കുമ്പോഴും 'എപ്പോഴാണ് ജോലിക്ക് പോകുന്നത്' എന്ന ചിന്തയായിരിക്കും. ആ ജോലിയിൽ എത്ര പ്രശ്നങ്ങൾ നേരിട്ടാലും നിങ്ങൾ പിൻവാങ്ങില്ല. വീണ്ടും വീണ്ടും ശ്രമം തുടരും. നിങ്ങൾക്ക് ഏതു ചെയ്യുമ്പോഴാണ് സന്തോഷവും മനസംതൃപ്തിയും ഉണ്ടാകുന്നത്, അതിലാണ് നിങ്ങളുടെ അഭിനിവേശം.

അഭിനിവേശമാണ് കാരണം

ചിലർക്ക് ജിമ്മിൽ പോയി ശരീരം ഫിറ്റ് ആക്കി വയ്ക്കുന്നതിലാണ് അഭിനിവേശം. ചിലർക്ക് പലതരം കാറുകൾ വാങ്ങുന്നതിലാണ് താൽപര്യം. ചിലർക്ക് സൈന്യത്തിൽ ചേർന്ന് നാടിനായി ജീവത്യാഗം ചെയ്യാനാണ് അഭിനിവേശം. അഭിനിവേശം ഓരോരുത്തർക്കുള്ളിലും സ്വാഭാവികമായി ഉണ്ടാകുന്നതാണ്. ഒരു പ്രവൃത്തി പഠിക്കാനാകും. എന്നാൽ അതിൽ ഒരു അഭിനിവേശം സൃഷ്ടിക്കാൻ കഴിയില്ല.

എത്ര കടുത്ത പ്രതിസന്ധിയിലും ഒരു കാര്യത്തിന് നമുക്ക് സമയം മാറ്റി വയ്ക്കാൻ കഴിഞ്ഞാൽ അതിൽ നമുക്ക് അഭിനിവേശം ഉണ്ടെന്ന് അർത്ഥം. 'പിന്നെ ചെയ്യാം' എന്ന് പറഞ്ഞ് ഒരു കാര്യം മാറ്റിവയ്ക്കാതിരിക്കുകയാണോ? അത് ചെയ്യുമ്പോൾ ഏത് പ്രതിസന്ധിയും നേരിടാൻ തയാറായിരിക്കുകയാണോ? 'ഇത് ചെയ്യണോ വേണ്ടയോ' എന്ന ആശയക്കുഴപ്പം ഉണ്ടാകുന്നില്ലേ? അതാണ് അഭിനിവേശത്തിന്റെ അടയാളം.

അലാറം ഇല്ലാതെ...

നിങ്ങൾക്ക് അഭിനിവേശം ഉള്ള ഒരു ജോലി ചെയ്യുമ്പോൾ രാവിലെ അലാറം അടിക്കാതെ തന്നെ നിങ്ങൾ എഴുനേറ്റ് ജോലി ചെയ്തു തുടങ്ങും. നിങ്ങളുടെ ലക്ഷ്യം എന്താണ് അതിന് എന്ത് ചെയ്യണം എന്നതെല്ലാം ഒരിടത്തും എഴുതി വയ്ക്കാതെ തന്നെ നിങ്ങൾക്കറിയാം. അനാവശ്യമായി വിനോദങ്ങളിൽ ഏർപ്പെടുമ്പോൾ നിങ്ങൾക്ക് കുറ്റബോധം തോന്നും. ജോലികൾ ആർജവത്തോടെയും വേഗത്തിലും ചെയ്യും. നിങ്ങളുടെ ജോലി സംബന്ധമായ എല്ലാ കാര്യങ്ങളും നിങ്ങളുടെ വിരൽത്തുമ്പിൽ ഉണ്ടാകും.

നിങ്ങളെ മാറ്റും

സാധാരണമായ നിങ്ങളുടെ ജീവിതത്തിന് മാധുര്യം നൽകുന്നത് നിങ്ങളുടെ അഭിനിവേശമാണ്. പ്രതിസന്ധി ഘട്ടത്തിലും നിങ്ങൾക്ക്പോസിറ്റീവ്ചിന്തകൾനൽകുന്നത് നിങ്ങളുടെഅഭിനിവേശംതന്നെയാണ്.ജോലി ചെയ്യാൻ താൽപര്യം ഇല്ലെങ്കിലും കഠിനമായ അധ്വാനത്തിന് നിങ്ങളെ പ്രേരിപ്പിക്കുന്നത് നിങ്ങളുടെ അഭിനിവേശമാണ്. നിങ്ങളുടെ ആഗ്രഹങ്ങളിൽ വിനോദത്തിന് പ്രാധാന്യം കുറഞ്ഞു പോകുന്നതും ഈ അഭിനിവേശം മൂലമാണ്.

അത് മാത്രം അല്ല

അഭിനിവേശം എന്ന വാക്കിന്റെ അർത്ഥം മിക്കവർക്കും അറിയില്ല എന്ന് എഴുത്തുകാരൻ കെവിൻ ഹാൾ പറയുന്നു.ഉൽക്കടമായ ദാഹത്തോടെ ഒരു ജോലി ചെയ്യുന്നതും അതിനെ അതിരില്ലാതെ സ്നേഹിക്കുന്നതുമാണ് അഭിനിവേശമെന്ന് ചിലർ കരുതുന്നു. എന്നാൽ അഭിനിവേശം അതിനും അപ്പുറമാണ്. നിങ്ങൾക്ക് ഇഷ്ടമുള്ള ഒരു കാര്യം ചെയ്യാൻ ഏതു കഷ്ടപ്പാടും സഹിക്കാൻ നിങ്ങൾ തയാറാണോ? അങ്ങനെയാണെങ്കിൽ നിങ്ങൾക്ക് ആ വിഷയത്തിൽ നൂറു ശതമാനം അഭിനിവേശം ഉണ്ടെന്നു പറയാം.

നിങ്ങൾക്ക് അരുണിമ സിൻഹയെ അറിയാമായിരിക്കും. ധീര വനിത. 22 -ആമത്തെ വയസ്സിൽ ട്രെയിനിൽ പോകുമ്പോൾ കൊള്ളക്കാർ അവരെ ട്രെയിനിൽ നിന്ന് വലിച്ചെറിഞ്ഞു. ആ ദുരന്തത്തിൽ അവരുടെ രണ്ടു കാലുകളും മുറിച്ചു മാറ്റേണ്ടി വന്നു. അതിനു ശേഷം കൃത്രിമ കാലുകളുമായി അവർ എവറസ്റ്റ് കീഴടക്കി. കാലുകൾക്ക് ഒരു പ്രശ്നവും ഇല്ലാത്തവർക്കേ ഇത് ബുദ്ധിമുട്ടുള്ള കാര്യം. അതെല്ലാം അവഗണിച്ച് അവർ ആ കൊടുമുടി കയറി. അതിനു ശേഷം മറ്റു മൂന്നു വലിയ കൊടുമുടികൾ അവർ കീഴടക്കി. ഇപ്പോൾ ഭിന്നശേഷിക്കരായ കുട്ടികളെ കായികരംഗത്ത് താൽപര്യം ജനിപ്പിക്കാൻ ഒരു അക്കാദമി നടത്തുന്നു.

വിഷമങ്ങൾക്കും അപ്പുറം, നിങ്ങൾ ചെയ്യുന്ന പ്രവർത്തിയിൽ നിങ്ങൾക്ക് ആഹ്ലാദം തോന്നുന്നുവോ? എങ്കിൽ, നിങ്ങളുടെ അഭിനിവേശം നിങ്ങളെ വിജയത്തിലേക്ക് നയിക്കും.

വീണ്ടും വീണ്ടും ഒരേ ജോലി

നിങ്ങളുടെ മാനസിക നില എങ്ങനെയാണ് നിങ്ങളുടെ ജീവിതത്തെ മാറ്റുന്നത്? 'The Expectation Effect: How Your Mindset Can Transform Your Life' എന്ന പുസ്തകം എഴുതിയ ഡേവിഡ് റോബ്സൺ ഇതേ പറ്റി പറയുന്നു. ഒരു എഴുത്തുകാരനാകണം എന്നത് അദ്ദേഹത്തിന്റെ ആറു വയസ്സ് മുതലുള്ള സ്വപ്നമായിരുന്നു. അങ്ങനെ എഴുത്തുകാരനായി, പ്രശസ്തനായി. അദ്ദേഹത്തിന് ഏറ്റവും ഇഷ്ടമുള്ള ജോലിയാണ് ചെയ്തു വന്നത്. എന്നാലും ജോലിയിൽ വലിയ അഭിനിവേശം ഇല്ലാത്ത നിരവധി കാലഘട്ടങ്ങൾ ആ ജീവിതത്തിൽ ഉണ്ടായി.

'നിങ്ങൾ 25- ആ മത്തെ വയസ്സിൽ ഒരു ജോലി ചെയ്തു തുടങ്ങുന്നു. അറുപതു വരെ, ചിലർ ആയുസ്സ് മുഴുവൻ അത് തന്നെ ചെയ്യുന്നു. ഇഷ്ടമുള്ള പണി ആണെങ്കിലും ഒരേ ജോലി വീണ്ടും വീണ്ടും ചെയ്യുന്നത് ബോറടിപ്പിക്കും. ഹൃദയം നന്നായി പ്രവർത്തിക്കുന്നുവോ എന്നറിയാൻ ട്രെഡ്മിൽ പരിശോധന നടത്തും ചിലപ്പോൾ ആ യന്ത്രത്തിൽ നിങ്ങൾ ഓടണം. എന്നാൽ ജിവിതം മുഴുവൻ ആ യന്ത്രത്തിൽ ഓടാൻ കഴിയുമോ അതിലിരുന്ന് ചാടി വേറെ എവിടെയെങ്കിലും പോകണം എന്ന തോന്നൽ മനസ്സിൽ വരും. അപ്പോൾ ജീവിതത്തിൽ നമുക്ക് അഭിനിവേശമുള്ള ഒരു തൊഴിൽ ചെയ്യുന്നത് മൂലമുള്ള ഗുണങ്ങൾ ആലോചിച്ചു നോക്കണം ആ മനോഭാവമാണ് നിങ്ങളെ ഉത്സാഹഭരിതരാക്കി മാറ്റുക.' ●

നിങ്ങളുടെ അഭിനിവേശത്തെ പിന്തുടരണം

ഒരു രാജാവ് മന്ത്രിമാരും പടനായകരുമായി കാട്ടിൽ വേട്ടയാടാൻ പോയി. പുലി, ചീറ്റ,കഴുതപ്പുലി തുടങ്ങിയ ഹിംസ്രമൃഗങ്ങൾനിറഞ്ഞഭാഗമായിരുന്നു അത്. ചെറിയ പാതയിലൂടെ തന്റെ കുതിരയിൽ കുതിക്കുമ്പോൾ രാജാവ് അത്ഭുതകരമായ ഒരു കാഴ്ച കണ്ടു. കാട്ടിലെ ഒരു മരത്തിൽ നിറയെ അമ്പുകൾ പതിച്ചിരിക്കുന്നു. മരത്തിലെ ഒരുപ്രത്യേകവട്ടത്തിൽലക്ഷ്യംതെറ്റാതെ അമ്പുകൾ പതിച്ചിരിക്കുകയാണ്.

അവിടം വിട്ട് മുന്നോട്ടു കുതിച്ചപ്പോൾ മുന്നിൽ വീണ്ടും മറ്റൊരു മരത്തിലും അങ്ങനെ അമ്പ് പതിച്ചിരിക്കുന്നു. പിന്നെയും യാത്ര തുടർന്നപ്പോൾ അതേ പോലെ പല മരങ്ങളിലും അമ്പ് രാജാവ് കണ്ടു. 'കൃത്യമായി അമ്പെയ്യുന്ന ആരോ ഒരാൾ ഈ കാട്ടിൽ ഉണ്ട്. അയാളെ കണ്ടെത്തി സൈന്യത്തിൽ നല്ല പദവിയിൽ നിയമിക്കണം' എന്ന് രാജാവ് സൈന്യാധിപനോടു പറഞ്ഞു. സൈന്യാധിപനും തല കുലുക്കി.

ആ അസ്ത്രധാരിയെ എങ്ങനെ കണ്ടുപിടിക്കും? കുറച്ചു ദൂരം കൂടി പോയപ്പോൾ അവർക്ക് അതിന് ഒരു ഉത്തരം കിട്ടി. 15 വയസ്സുള്ള ഒരു ബാലൻ കണ്ണുമ്പിൽ അമ്പും വില്ലുമായി നിൽക്കുന്നു. അവന്റെ അടുത്തുള്ള മരത്തിലും അമ്പു പതിച്ചിരിക്കുന്നു. അത് കൃത്യം കൃത്യമായി! 'ഈ ബാലൻ എങ്ങനെയാണ് ഇത്ര കുറിക്കു കൊള്ളും വിധം അസ്ത്രം എയ്യുന്നത്?' രാജാവിന് വിശ്വസിക്കാനേ കഴിഞ്ഞില്ല. 'എങ്ങനെ ഈ വിദ്യ പഠിച്ചെന്ന് രാജാവ് ബാലനോടു ചോദിച്ചു. 'ഇതിൽ വലിയ വിദ്യയൊന്നുമില്ല. ഞാൻ അമ്പെയ്യും അതിനു ചുറ്റും ലക്ഷ്യം വരയ്ക്കും,' ബാലൻ പറഞ്ഞു.

തങ്ങളുടെലക്ഷ്യവുംതങ്ങൾക്ക്ഏതിലാണ്അഭിനിവേശം എന്നതും തേടുന്ന ധാരാളം പേർ ഇത്തരത്തിലാണ് ഉള്ളത്. ധാരാളം വിഷയങ്ങൾ തേടി കണ്ടെത്താതെയും പല കാര്യങ്ങൾ ചെയ്തു നോക്കാതെയും ഏതെങ്കിലും ഒന്ന് പിന്തുടരും. 'ഇതിലാണ് എന്റെ അഭിനിവേശം' എന്ന് തീരുമാനിക്കും. അമ്പ് എയ്ത ശേഷം അതിൽ ലക്ഷ്യം വരയ്ക്കുന്ന കുട്ടിയെ പോലെയുള്ളവരാണ് ഇവർ. അവസാനം വരെ ഇവർക്ക് തങ്ങളുടെ അഭിനിവേശം കണ്ടറിഞ്ഞ് മുന്നേറാൻ കഴിയുകയേ ഇല്ല.

നിങ്ങളുടെ ഉള്ളിൽ ജ്വലിക്കുന്ന തീ കണ്ടറിഞ്ഞ് അതിൽ നിന്ന് പുറത്തേക്ക് പ്രവഹിക്കുന്ന പ്രകാശത്തെ നാം പിന്തുടരണം. ലക്ഷ്യത്തിൽ എത്തി വിജയം കാണുന്നതിന് അതാണ് പ്രധാന വഴി. 'നാം ഇതിനായാണ് ജനിച്ചിരിക്കുന്നത്. നമ്മുടെ ജീവിതത്തിന്റെ അർത്ഥം ഇതാണ്' എന്ന് അപ്പോഴാണ് നമുക്ക് മനസ്സിലാകുന്നത്.

അങ്ങനെ നിങ്ങളുടെ അഭിനിവേശത്തെ നിങ്ങൾ

പിന്തുടരുമ്പോൾ ഈ കാര്യങ്ങൾ മറക്കരുത്:

◆ നിങ്ങളുടെ ആഗ്രഹം സമൂഹവുമായി ഒത്തുപോകുന്നതായിരിക്കണം. ഇപ്പോൾ ഒട്ടേറെ ടീൻ ഏജ് പ്രായക്കാർ ബൈക്ക് റേസ് നടത്തുന്നു. ഹൈവേയിൽ വലിയ സ്പീഡിൽ റേസ് നടത്തി അപകടത്തിൽ പെട്ട ഒരു കൗമാരപ്രായത്തിലുള്ള വിദ്യാർത്ഥിയെപറ്റി അടുത്തയിടെ വാർത്തകൾ വന്നിരുന്നു. ഹൈവേ ജനങ്ങളുടെ യാത്രയ്ക്കുള്ളതാണ്. അവിടെ റേസ് നടത്തുന്നത് നിയമവിരുദ്ധമാണ്.

◆ നിങ്ങളുടെ അഭിനിവേശവും മറ്റുള്ളവരുടെ ആവശ്യങ്ങളും തമ്മിൽ പൊരുത്തപ്പെടണം. എവിടെ ആവശ്യമുണ്ടോ അവിടെയാണ് നിങ്ങൾ നിങ്ങളുടെ അഭിനിവേശം പ്രകടിപ്പിക്കേണ്ടത്. അതായത് നമ്മുടെ അഭിനിവേശം മറ്റുള്ളവർ മതിക്കുന്നത് കൂടിയാകണം.

◆ നിങ്ങളുടെ അഭിനിവേശം മറ്റുള്ളവർക്കും പ്രയോജനപ്രദമാകണം.അങ്ങനെ വന്നാലേ അതിന് മറ്റുള്ളവരുടെ സഹായവും ആദരവും ലഭിക്കൂ. അങ്ങനെ ആദരവ് ലഭിക്കുമ്പോഴാണ് നിങ്ങൾക്ക് വിജയം സുസാധ്യമാകുന്നത്.

◆ നിങ്ങളുടെ അഭിനിവേശം ഫലപ്രദമായ ഒന്നായി മാറ്റണം. കമ്പ്യൂട്ടർ പ്രോഗ്രാമിങ്ങിലും മൊബൈൽ ആപ്പ് നിർമ്മാണത്തിലും വിദഗ്ധരായ എത്രയോ പേർ ഉണ്ട്. അതിലെ പിഴവുകൾ കണ്ടുപിടിക്കുന്നവരും ഏറെയാണ്. വെറുതെ താൻ ഒരു പിഴവ് കണ്ടുപിടിച്ചു എന്ന് വീമ്പു പറയുന്നതിൽ അർത്ഥമില്ല. അതുമായി ബന്ധപ്പെട്ട സ്ഥാപനത്തെ വിവരം അറിയിച്ച് അത് തിരുത്താൻ സഹായിക്കുന്നതാണ് പ്രയോജനകരമായ നടപടി. ഇങ്ങനെ തിരുത്തൽ വരുത്താൻ സഹായിക്കുന്നവരെ ആ കമ്പനികൾ മാന്യമായി ആദരിക്കും.

◆ ഒരു പ്രവർത്തിയിൽ നാം കാട്ടുന്ന അഭിനിവേശം നമുക്ക് ഉടനടി പണമോ പ്രശസ്തിയോ നൽകില്ല. മാരത്തണിൽ പങ്കെടുക്കുന്ന എല്ലാവരും അവസാന കടമ്പ വരെ ഓടാറില്ല. അതിൽ തികഞ്ഞ അഭിനിവേശം ഉള്ളവർ മാത്രമാണ് അത് ഓടി മുഴുമിപ്പിക്കുന്നത്. നിങ്ങളെപ്പോലെ ഒരു പ്രവൃത്തി ആരഭിക്കുന്ന പലരും ഒരു ഘട്ടത്തിൽപരിക്ഷീണരായിപിൻവാങ്ങും. അങ്ങനെ പിൻവാങ്ങാതെ മുന്നോട്ട് നിങ്ങളെ നയിക്കുന്നത് നിങ്ങളുടെ അഭിനിവേശമാണ്. തുടക്കത്തിൽ വിഷമകരമാണെങ്കിലും 'ഈ സമയത്തിനുള്ളിൽ ഇത് മുഴുമിപ്പിക്കും' എന്ന് തീരുമാനിച്ചു മുന്നേറണം.

◆ തോൽവിയോ പ്രതിസന്ധിയോ പ്രശ്നങ്ങളോ ഉണ്ടാകുമ്പോൾ പലരും പിൻവാങ്ങും. അങ്ങനെ പിൻവാങ്ങാതെ മുന്നോട്ടുപോകാനുള്ളഗതിവേഗംനമുക്ക് തരുന്നത് നമ്മുടെ അഭിനിവേശമാണ്. 'ഇത് എനിക്ക് പറ്റില്ല' എന്ന് പറഞ്ഞ് തളർന്നു വിശ്രമിക്കുന്നവർക്കും ഇത്ര ശ്രമിച്ചിട്ടും ഇത് നടന്നില്ലല്ലോ എന്ന് കരുതുന്നവർക്കും ഇത് വേറെ എങ്ങനെ ചെയ്യാംഎന്ന്ചിന്തിച്ചുനോക്കുന്നവർക്കും തമ്മിൽ വലിയ വ്യത്യാസം ഉണ്ട്. ആ വ്യത്യാസം നമ്മിൽ ഉണ്ടാക്കുന്നത് നമ്മുടെ അഭിനിവേശമാണ്. ●

എല്ലാ ദിവസവും ഇത് പറയണം

സിനിമകളിൽ ആരെങ്കിലും 'ഞാൻ ഇങ്ങനെ മാറും', അല്ലെങ്കിൽ 'ഞാൻ അങ്ങനെ ആകും' എന്ന് വീണ്ടും വീണ്ടും പറയാറുണ്ട്. ഇത് തമാശയായി പറയുന്നതല്ല. പക്ഷേ ഈ മന്ത്രം ആവർത്തിക്കുന്നത് മനസ്സിനെ മുന്നോട്ടു കൊണ്ടു പോകും. ഡാൻ സള്ളിവൻ എന്ന മാനേജ്മെന്റ് ഗുരു ഇത് മുപ്പതു വർഷമായി ചെയ്തു വരുന്നു. ഓരോ ദിവസവും രാവിലെ താൻ എത്തേണ്ട ലക്ഷ്യം എഴുതി നോക്കും. അത് മനസ്സിൽ ഉൾക്കൊള്ളിച്ചു കൊണ്ടായിരിക്കും അന്നത്തെ എല്ലാജോലിയുംചെയ്യുന്നത്. 'നമ്മുടെഉടലിലെപേശികൾശക്തിപ്പെടുത്താൻ നാം ദിവസവും വ്യായാമം ചെയ്യുന്നു. അതേ പോലെ മനസ്സിന് കരുത്ത് നൽകാൻ ഇത്തരം അഭ്യാസം അവശ്യമാണ്. ദിവസവും ഇത് ആവർത്തിക്കുമ്പോൾ നാം തികഞ്ഞ അഭിനിവേശത്തോടെ ചെയ്യുന്ന ഒരു കാര്യത്തിൽ വിജയിക്കാം.'

അഭിനിവേശം ഉണ്ടെന്ന് എങ്ങനെ അറിയാം?

നിങ്ങൾക്ക് ഏതിലാണ് കൂടുതൽ അഭിനിവേശം എന്ന് എങ്ങനെ അറിയും? വെറുതെ ഓരോ ജോലിയെപ്പറ്റിയും ആലോചിച്ചിരുന്നാൽ ഒരു തീരുമാനവും ഉണ്ടാകില്ല. നിങ്ങൾക്ക് സാധ്യമായ നിരവധി കാര്യങ്ങൾ ചെയ്തു നോക്കുക. ചില ജോലികൾ ആഹ്ലാദം തരും. ചിലവ ബുദ്ധിമുട്ടായി തോന്നും. ചിലവ കൗതുകം നൽകും.

ചില ജോലികൾ ചെയ്യുമ്പോൾ ശരീരം തളർന്ന പോലെ തോന്നും. ചിലത് മനസ്സിന് ആയാസം നൽകും. ചില ജോലികൾ ചെയ്യുമ്പോൾ 'ഇതെല്ലാം ഞാൻ ചെയ്യേണ്ട ജോലിയാണോ' എന്ന് ചോദിച്ചു പോകും. ഇതെല്ലാം മറികടന്ന് എത്ര മണിക്കൂർ ജോലി ചെയ്താലും തളരാത്ത വികാരം നൽകുന്ന ജോലി എന്തെന്ന് നോക്കുക. ആ പ്രത്യേക ജോലി മറ്റുള്ളവരേക്കാൾ നിങ്ങൾ നന്നായി ചെയ്യും. അതിലാണ് നിങ്ങളുടെ അഭിനിവേശം ഉള്ളത്.

ഒരിക്കലും ഇല്ല

ഒരാൾ വിനോദസഞ്ചാരത്തിന് തിരിച്ചു. അഞ്ചു രാഷ്ട്രങ്ങളിൽ യാത്ര ചെയ്യാനുള്ള വസ്ത്രങ്ങൾ എടുക്കുമ്പോൾ അയാൾക്ക് ഒരു കാര്യം ഓർമ്മ വന്നു. അലമാരയിൽ അടിത്തട്ടിൽ ഒരു ഷർട്ട് ഉണ്ട്. അയാൾ ആ ഷർട്ട് ഇതു വരെ ധരിച്ചിട്ടില്ല. ബന്ധുക്കളിൽ ഒരാൾ

ശരിയായ തീരുമാനം

ജീവിതത്തിൽനാംനാല്ഘട്ടങ്ങൾകടന്നാണ്വരുന്നത്.ഓരോഘട്ടത്തിലുംനമ്മുടെഅഭിനിവേശമാണ് നമ്മെ മുന്നോട്ടു നയിക്കുനത്.

- ചിലർക്ക് ആരംഭത്തിൽ തന്നെ സംതൃപ്തിയുണ്ടാകും. 'മതിയെന്ന തോന്നലാണ് നല്ല മരുന്ന്' എന്നവർ വീണ്ടും വീണ്ടും പറയും. ഇതിനപ്പുറം എന്തെങ്കിലും ചെയ്യണമെങ്കിൽ ഏറെ പോരാടണമെന്ന ഭയമാണ് അവരെ ഇതിനു പ്രേരിപ്പിക്കുന്നത്. എന്നാൽ ഈ സംതൃപ്തി താൽക്കാലികമായിരിക്കും. 'ഇനിയും മുന്നോട്ടു പോകണം' എന്ന് മനസ്സ് അവരെ പ്രേരിപ്പിച്ചു കൊണ്ടിരിക്കും.
- 'ജീവിതത്തിൽ എന്തെങ്കിലും സാധിക്കണം' എന്ന നോട്ടമാണ് അടുത്ത ഘട്ടം. നിരന്തരമായ അധ്വാനം നമുക്ക് സന്തോഷം നൽകും മറ്റുള്ളവരുടെ പ്രശംസയ് ഇടയാക്കും. എന്നെങ്കിലും സാധിച്ച പോലെയുള്ള വികാരമുണ്ടാകും.
- ഇതിനു ശേഷം പലരും തെറ്റുകൾ ചെയ്തു തുടങ്ങുന്നു. സന്തോഷവും പ്രശംസയും ലഭിക്കുന്നത് മൂലം എല്ലാത്തരം ജോലികളും ചെയ്തു തുടങ്ങുന്നു. ഇഷ്ടമാണ് എന്ന് കരുതി ആരെങ്കിലും അമിതമായി ബിരിയാണി കഴിക്കുമോ? നമുക്ക് ഇഷ്ടപ്പെട്ട രുചികരമായ ഭക്ഷണമായിരിക്കാം അത്. പക്ഷേ വിശപ്പ് പോകുന്നതോടെ അത് വയറു വേണ്ടെന്നു സൂചിപ്പിക്കും. ജോലിയും ഇങ്ങനെ തന്നെ. എല്ലാം ചെയ്യാൻ തുടങ്ങിയാൽ ക്ഷീണിച്ചു തളർന്ന ഒന്നും ചെയ്യാനാകാത്ത നില വരും.
- നാലാമത്തെ ഘട്ടം ഏറ്റവും പ്രാധാന്യമുള്ളതാണ്. എല്ലാ ജോലിയും ഒരുമിച്ചു ചെയ്യുന്നത് ദോഷകരമാണെന്ന് മനസ്സിലാക്കി നമുക്ക് ഇഷ്ടപ്പെട്ട ഒരു തൊഴിൽ മാത്രം ചെയ്യണം എന്ന തീരുമാനം എടുക്കും. നമുക്ക് അഭിനിവേശമുള്ള തൊഴിലാണ് അതെന്നതിനാൽ നാം നന്നായി ചെയ്തു വിജയിക്കും. അത് നമ്മുടെ അടയാളമായി നമ്മെ ഉയരത്തിൽ എത്തിക്കും

ഘട്ടം ഘട്ടമായി പ്ലാൻ ചെയ്യുക

'അഞ്ചു വർഷങ്ങൾക്കു ശേഷം എന്താകാനാണ് നിങ്ങളുടെ മോഹം?' ജോലിക്കായുള്ള ഇന്റർവ്യൂവിൽ സാധരണ കേൾക്കാറുള്ള ചോദ്യമാണിത്. തന്റെയും സ്ഥാപനത്തിന്റെയും വളർച്ചയിൽ ഒരാൾക്ക് എത്ര താൽപര്യം ഉണ്ടെന്ന് അറിയാനുള്ള ചോദ്യമാണിത്. അതേ ചോദ്യം നമുക്ക് സ്വയം ചോദിക്കാം. 'എന്താണ് നമ്മുടെ ജീവിതത്തിൽ ഭാവിയിൽ നമ്മുടെ പ്രതീക്ഷ? അഞ്ചു വർഷം കഴിയുമ്പോൾ നാം ഇനി എവിടെയായിരിക്കും? അടുത്ത പത്തു വർഷങ്ങളിൽ, ഇരുപതു വർഷങ്ങളിൽ 30 വർഷങ്ങളിൽ നാം എവിടെയായിരിക്കും?'

ഇങ്ങനെജീവിതത്തിലെഓരോഘട്ടത്തിലെയും ലക്ഷ്യം നാം തീരുമാനിക്കണം. അതിനു ശേഷം ആ ലക്ഷ്യം സാധ്യമാകാൻ എന്തെല്ലാം ചെയ്യണമെന്ന് ഓരോന്നായി പിരിച്ച് പരിശോധിച്ച് പ്ലാൻ ചെയ്യുക. അനുഭവമുള്ളവരുടെ അഭിപ്രായം തേടുക. അഭിനിവേശത്തോടെ കളത്തിൽ ഇറങ്ങണം. വിജയം നിങ്ങൾക്കാണ്.

സ്നേഹപൂർവം സമ്മാനിച്ച ആ ഷർട്ട് അയാൾ ഇതു വരെ അണിഞ്ഞിട്ടില്ല. 'വിനോദയാത്രയിൽ നമുക്ക് ഇത് ധരിക്കാൻ താൽപര്യം വന്നേക്കാം. അവിടെ അത് അണിഞ്ഞു നോക്കാം' എന്ന് കരുതി അതുമായി യാത്ര പുറപ്പെട്ടു. അഞ്ചു രാജ്യങ്ങൾ സന്ദർശിച്ചുവെങ്കിലും അയാൾ അത് അണിഞ്ഞില്ല.ഒരുചുളുക്കുമില്ലാതെ ആ വസ്ത്രം തിരികെ വീട്ടിൽ അലമാരയിൽ കൊണ്ടു വച്ചു.

നാട്ടിൽ ഒരു വസ്ത്രം അണിയാൻ തനിക്ക് താൽപര്യം ഇല്ലെങ്കിൽ പുറമേയും അത് അണിയാൻ ഇഷ്ടമുണ്ടാകില്ല എന്ന കാര്യം അയാൾ മനസ്സിലാക്കി. ജോലിയിലും ഇങ്ങനെ തന്നെ. ഒരു പണി ഇപ്പോൾ ചെയ്യാൻ ഇഷ്ടമില്ലെങ്കിൽ പിന്നിട് എപ്പോഴെങ്കിലും ചെയ്യാം എന്ന് ചിലർ കരുതുന്നു. ജോലി നമ്മുടെ അഭിനിവേശവുമായി ബന്ധപ്പെട്ടതാണ്. താൽപര്യമില്ലാതെ നമുക്ക് ഒരു ജോലിയും ചെയ്യാനാവില്ല. അതോർത്ത് സമയം കളയരുത്.

പൂന്തോട്ടത്തിൽ ചെടി വളർത്തുന്നതു പോലെ അഭിനിവേശവും വളർത്തണം

തന്റെ സുഹൃത്തിന്റെ ഫാം ഹൗസിൽ ഒരാൾ പോയി. ആ ഫാം ഹൗസിന്റെ ഒരു വശത്ത് പല ചട്ടികളിൽ ചെടികൾ വളർന്നു നിൽക്കുന്ന ഒരു നഴ്സറിയാണ്. പല പല വൃക്ഷത്തൈകൾ. പൂച്ചെടികൾ,വള്ളിച്ചെടികൾതുടങ്ങിയവയെല്ലാം അവിടെ അതി മനോഹരമായി കാണപ്പെട്ടു.

അവ കൺകുളിർക്കെ കണ്ട് വന്ന അയാൾ ഒരിടത്ത് അതിശയത്തോടെ നിന്നു. മഴവില്ലിന്റെ എല്ലാ നിറങ്ങളും ഉള്ള പൂക്കൾ കാറ്റിൽ ആടി നിൽക്കുന്ന ഒരു പൂച്ചെടി അയാളുടെ കണ്ണിൽ പെട്ടു. അത്തരമൊരു പൂവ് അയാൾ ഇന്ന് വരെ കണ്ടിട്ടില്ല. അതിന്റെ വാസനയും ഹൃദ്യമായിരുന്നു. ചിത്രശലഭങ്ങൾ അതിനു ചുറ്റും പാറി നടന്നു. തങ്ങളെപ്പോലെയുള്ള ഒരു ചിത്രശലഭമായി അവ ആ പൂക്കളെ കണ്ടിരിക്കാം.

'ഏതാണ് ഈ പൂവ്? വ്യത്യസ്തമായി തോന്നുന്നല്ലോ' അയാൾ സുഹൃത്തിനോട് ചോദിച്ചു. 'കഴിഞ്ഞ മാസം കാശ്മീരിൽ പോയപ്പോൾ വാങ്ങി കൊണ്ടു വന്നതാണ്. ഇവിടെ വളരുമോ എന്ന് സംശയം ഉണ്ടായിരുന്നു. ഇപ്പോൾ അത് നന്നായി വളരുന്നു,' തോട്ടം ഉടമ മറുപടി പറഞ്ഞു. ആ ചെടി നോക്കി വന്ന സുഹൃത്തിന് പക്ഷേ ഒരു കാഴ്ച വല്ലാത്ത വിഷമമായി. പൊട്ടിപ്പൊളിഞ്ഞ ഒരു പ്ലാസ്റ്റിക് ബക്കറ്റിൽ മണ്ണ് നിറച്ചാണ് ആ ചെടി നട്ടിരിക്കുന്നത്.

'എന്താണിത്. ലോകത്തിലെ ഏറ്റവും അഴകുള്ള പൂക്കൾ വളരുന്ന ഈ ചെടി ഇങ്ങനെ അലക്ഷ്യമായാണോ നട്ടിരിക്കുന്നത്? എനിക്ക് ഇത് കിട്ടിയിരുന്നെങ്കിൽ ഞാൻ വില കൂടിയ ചട്ടിയിൽ ഇത് നട്ടു വളർത്തുമായിരുന്നു,'

അയാൾ ചോദിച്ചു.സുഹൃത്ത് ചിരിച്ചു കൊണ്ടു പറഞ്ഞു, 'അത് വാങ്ങുമ്പോൾ മറ്റു പൂച്ചട്ടികൾ എന്റെ പക്കൽ ഉണ്ടായിരുന്നില്ല. വാടിപ്പോകും മുമ്പ് ഇത് ഇവിടെ നട്ടതാണ്.എവിടെയാണ് നട്ടതെന്ന് ചെടി നോക്കാറില്ല. പൊട്ടിപ്പൊളിഞ്ഞ ചട്ടിയിൽ നട്ടത് അതിനു അപമാനകരമായും തോന്നില്ല. എവിടെയാണെങ്കിലും മനോഹരമായി പൂക്കുന്നതാണ് അതിൻറെ സ്വഭാവം.'

അഗാധമായ ഒരു സത്യമാണിത്.ഒരാൾ ഒരു കാര്യത്തിൽ അഭിനിവേശത്തോടെ ഇറങ്ങുന്നത് തോട്ടത്തിൽ ചെടി വളർത്തുന്നതു പോലെയാണ്. തോട്ടകൃഷിയിൽ ഏർപ്പെട്ടവർക്ക് ഇത് നന്നായി മനസ്സിലാകും. ഘട്ടം ഘട്ടമായി അത് ചെയ്യുന്നത് എങ്ങനെ എന്ന് നോക്കാം.

❖ ആദ്യമായി എന്താണോ നമുക്ക് വേണ്ടത്, അത് തേടി കണ്ടെത്തണം. തോട്ടം എങ്ങനെയായിരിക്കണം, മനോഹരമായ തോട്ടങ്ങൾ എവിടെയുണ്ട്, ഓരോ ചെടിയുടെയും മരത്തിന്റെയും പ്രത്യേകതകൾ എന്താണ്, അവ എങ്ങനെ വളരും, നമ്മുടെ തോട്ടത്തിനു വേണ്ട ചെടികൾ ഏവ, നമ്മുടെ നാട്ടിൽ അവ വളരുമോ എന്നെല്ലാം അന്വേഷിച്ചു കണ്ടുപിടിക്കണം. ഒരു ജോലിക്കും ബിസിനസിനും ഈ വിവരങ്ങൾ നിർണായകമാണ്.

❖ നമുക്കും നാം സ്ഥാപിക്കുന്ന തോട്ടത്തിനും തമ്മിൽ അടുത്ത ബന്ധം വേണം. പച്ച ഇഷ്ടമാണ്, പ്രകൃതിയോട് സ്നേഹമാണ്, പുറമേ സമയം ചെലവഴിക്കാൻ ഇഷ്ടമാണ്, എന്റെ കുടുംബത്തിനും ഇതിൽ അഭിനിവേശമുണ്ട് എന്നിങ്ങനെ നിരവധി കാരണങ്ങൾ തോട്ടം മെച്ചപ്പെടുത്തുന്നതിനു പിന്നിലുണ്ട്. എല്ലാ പ്രവർത്തിയിലും ഈ മനോഭാവം വേണം.

❖ ആരംഭത്തിൽ ചെറുതായി തുടങ്ങുക. വലിയ പരിപാലനമില്ലാതെ നന്നായി വളരുന്ന, പെട്ടെന്ന് പൂക്കുന്ന നല്ല പച്ചക്കറികൾ ആദ്യം നട്ടു വളർത്തണം. അവനിങ്ങൾക്ക് ആത്മവിശ്വാസവും ഫലവും നൽകും. ഇതിനു ശേഷം തോട്ടം പ്ലാൻ ചെയ്യുക. വ്യവസായത്തിലും ബിസിനസിലും തുടക്കത്തിൽ ഇങ്ങനെ തന്നെ വേണം.

❖ നിർവഹിക്കാവുന്ന ലക്ഷ്യം മുന്നിൽ വയ്ക്കുക. ചെറിയ പച്ചക്കറി തോട്ടം വച്ച് നമുക്ക് കുടുംബത്തിനു വേണ്ട പച്ചക്കറി ഉണ്ടാക്കണം പൂജയ്ക്ക് പൂക്കൾ വേണം, തോട്ടത്തിൽ വെള്ളം അധികം ആവശ്യമില്ലാത്ത ചെടികൾ വേണം, ഇങ്ങനെ നിങ്ങൾ ഓരോ ലക്ഷ്യവും പ്ലാൻ ചെയ്യണം.ക്രമേണ ഈ ലക്ഷ്യങ്ങൾ സാധിച്ച് നിങ്ങൾ അഭിമാനിക്കും. അതിനു ശേഷം വലിയ പ്ലാനുകൾ വയ്ക്കുക. വ്യവസായത്തിലും ബിസിനസിലും ഇങ്ങനെ ലക്ഷ്യങ്ങൾ വേറെ വേറെ മുന്നിൽ വയ്ക്കുക.

❖ പുസ്തകങ്ങൾ വായിച്ചും വീഡിയോ കണ്ടും മറ്റുള്ളവരുടെ അനുഭവം അറിഞ്ഞും തോട്ടകൃഷിയെ പറ്റി നന്നായി പഠിക്കണം. ഇങ്ങനെ പഠിച്ച പാഠങ്ങൾ നിങ്ങൾ തോട്ടത്തിൽ പ്രയോഗിക്കുക. പുതിയ കാര്യങ്ങൾ ചെയ്യുമ്പോൾ അത് വലിയ സന്തോഷം നൽകും.വ്യവസായത്തിലും ഇങ്ങനെ ഓരോ പരീക്ഷണങ്ങൾ നടത്തി നോക്കുക.

❖ മണ്ണിന്റെ വാസന, ഒരു വിത്തു മുളച്ച് തളിരിടുന്നത്,പൂമൊട്ടുവിടരുന്നത്,വഴുതനങ്ങയും കത്തിരിക്കയും വലുതാകുന്നത് തുടങ്ങി ഓരോ മാറ്റങ്ങളും നിങ്ങൾ നിരീക്ഷിച്ചു സന്തോഷിക്കുക. ഈ അനുഭവങ്ങൾ മറ്റുള്ളവർക്കും പകർന്നു നൽകുക. അവരുടെ അഭിപ്രായങ്ങളും നിങ്ങൾ കേൾക്കണം. ഇത് നിങ്ങളെ ഉത്സാഹഭരിതരാക്കും. വ്യവസായത്തിലും ബിസിനസിലും ഈ അനുഭവം പങ്കു വയ്ക്കുന്നത് പ്രധാനമാണ്.

❖ ഏതു വിഷയം പുതുതായി തുടങ്ങിയാലും അതിന് ഒരു നൈരന്തര്യം അവശ്യം.അത് എല്ലാ ദിവസവും തുടരണം. തോട്ടത്തിൽ എന്നും ചെടിക്ക് വെള്ളം ഒഴിക്കണം, വേരിൽ മണ്ണ് പിടിപ്പിക്കണം,കളകൾ പറിച്ചു കളയണം, കീടങ്ങൾ ബാധിച്ചിട്ടുണ്ടെങ്കിൽ മരുന്ന് തളിക്കണം, പൂക്കളും പച്ചക്കറികളും വേണ്ട നേരത്ത് പറിക്കണം. ഇതെല്ലം ദിവസം കുറച്ചു നേരമെങ്കിലും നോക്കി നിൽക്കണം. ചില ചെടികൾ വാടിപ്പോകും, ചിലവ പൂക്കാതിരിക്കും, പക്ഷേ നിങ്ങളുടെ മനസ്സിനെ അതൊന്നും ബാധിക്കരുത്. പുതിയതായി നട്ട ചെടികളെ നന്നായി പരിപാലിക്കണം, വ്യവസായത്തിലും ബിസിനസിലും ഇത് പ്രധാനമാണ്.

❖ നിരന്തരമായി ഇങ്ങനെ ചെയ്താൽ ഉണ്ടാകുന്ന അഭിനിവേശം ജീവിത കാലം മുഴുവൻ നിലനിൽക്കും. ●

ഒരു ബാലൻ പുറത്തു പോയി കളിക്കാതെ ടി വി കണ്ടും ഗെയിം കളിച്ചും സമയം കളഞ്ഞു.അച്ഛൻ അവനെ ഉപദേശിച്ചു,'നിനക്കറിയുമോ, ഒരു ഒളിമ്പിക് താരം ദിവസവും പരിശീലനത്തിന് ചെലവഴിക്കുന്നതിലും സമയം പലരും ടി വി കാണാൻ വിനിയോഗിക്കുന്നു.'

മകന്റെ മറുപടി പെട്ടെന്നായിരുന്നു. 'ശരിയാണ് അച്ഛാ,അവർ കളിക്കുന്നത് നാം ടി വിയിൽ കണ്ടില്ലെങ്കിൽ അവർ കളിക്കുന്നത് കൊണ്ട് എന്ത് ഗുണമാണ്? അതിനാലാണ് ഞാൻ ടി വി കാണുന്നത്,' മകൻ പറഞ്ഞു. അച്ഛൻ അന്തിച്ചു പോയി.

പ്രോഗ്രസ് റിപ്പോർട്ടിൽ ഒപ്പിടാൻ മകൻ അച്ഛനോട് ആവശ്യപ്പെട്ടു.റിപ്പോർട്ട് നോക്കുമ്പോൾ മാർക്ക് കുറവ്. ജയിച്ചെന്നു മാത്രം. 'ഞാൻ എന്തിന് ഒപ്പിടണം?' എന്ന് അച്ഛൻ ചോദിച്ചപ്പോൾ മകന്റെ മറുപടിഅപ്രതീക്ഷിതമായിരുന്നു.

'ഞാൻ പഠിച്ചില്ലെന്ന് ഭയന്ന് ഒരു പരീക്ഷയും എഴുതാതിരുന്നില്ല. ആരെയും കോപ്പി അടിച്ചില്ല. ആർജവത്തോടെയാണ് പരീക്ഷ എഴുതിയത്. അതു കൊണ്ട് ഒപ്പിടണം.'

അഭിനിവേശം കെടുത്തുന്ന കഥകൾ

'രാത്രിയിൽ നല്ല ഉറക്കമില്ല. തിരിഞ്ഞും മറിഞ്ഞും ഓരോ പ്രയാസങ്ങൾ ഓർത്തു കിടക്കും' എന്ന് പറഞ്ഞ് ഒരാൾ ഡോക്ടറുടെ അടുത്ത് ചികിത്സയ്ക്ക് എത്തി. 'കണ്ണുകൾ അടച്ച് ഒരുനല്ല ഇടത്ത് കഴിയുകയാണെന്ന് സങ്കൽപിച്ചു കിടക്കുക. കുറച്ചു സമയത്തിനുള്ളിൽ ഉറക്കം വരും,' എന്ന് ഉപദേശിച്ചു ഡോക്ടർ. വീട്ടിൽ എത്തി ഈ വിവരം അയാൾ ഭാര്യയോടു പറഞ്ഞു.

അദ്ദേഹം ഉറങ്ങാൻ കിടക്കുമ്പോൾ ഭാര്യ അടുത്തു വന്നു. 'ഇങ്ങോട്ട് നോക്കൂ. നാം മനോഹരമായ ഒരു ദ്വീപിൽ കഴിയുകയാണ്. കടൽക്കരയിൽ മനോഹരമായ ഒരു ബംഗ്ലാവ്. ജനൽ വഴി കടൽക്കാറ്റ് ഉള്ളിലേക്ക് വരുന്നു. പൂന്തോട്ടത്തിൽ നിന്ന് പൂക്കളുടെ നറുമണം. ഇങ്ങനെ ഒരിടത്ത് ഉറങ്ങുകയാണെന്ന് നിങ്ങൾ സങ്കൽപിക്കൂ,' അവർ പറഞ്ഞു. ആ രസംകൊല്ലി ഭർത്താവ് വിഷമത്തോടെ ചോദിച്ചു, 'അവിടെ റൂമിന് നാം എത്ര വാടക കൊടുക്കണം?'

ആശുപത്രിയിൽ രക്തപരിശോധനയ്ക്ക് വന്ന ഒരു യുവതി നഴ്സിനോട് പറഞ്ഞു, 'എന്റെ കൈയിൽ ഞരമ്പ് കണ്ടെത്തി സൂചി കുത്തുന്നത് ബുദ്ധിമുട്ടായിരിക്കും. ശ്രദ്ധിച്ച് ചെയ്യണേ.' അപ്പോൾ എല്ലാ ആവേശവും കെടുത്തി ആ നഴ്സ് പറഞ്ഞു, 'വിഷമിക്കേണ്ട, കഴിഞ്ഞ തവണ ഡെങ്കി പരിശോധനയ്ക്ക് വന്ന സ്ത്രീയുടെ കൈയിൽ നാലിടത്ത് കുത്തിയ ശേഷമാണ് ടെസ്റ്റ് ചെയ്തത്.'

ആ യുവതി ചിരിച്ചു കൊണ്ടു പറഞ്ഞു, 'അത് ഞാനായിരുന്നു. ഈയാഴ്ചയും ഡോക്ടർ ഡെങ്കി ടെസ്റ്റ് പറഞ്ഞു. ഇപ്പോഴെങ്കിലും നാലിടത്ത് കുത്താതെ ഒരേ ഇടത്തു നിന്ന് രക്തം എടുക്കണം.'

ഒരു ഓഫീസിൽ പുതുതായി ജോലിക്ക് കയറിയ ഒരാൾ എന്നും വൈകിയാണ് വരിക. ഒരു ആഴ്ച അത് ക്ഷമിച്ച സൂപ്പർ വൈസർ അവസാനം അവനെ പിടികൂടി. 'എന്നും വൈകിയാണല്ലോ വരുന്നത്? ഓഫീസിൽ നിങ്ങളുടെ സീറ്റ് ഏറ്റവും പിന്നിലാണ്. വാതിൽ കടന്ന് നിങ്ങൾ സീറ്റിൽ ചെന്ന് ഇരിക്കുന്നതു വരെയുള്ള എല്ലാവരും പത്തു മണിക്ക് മുമ്പ് വരും. നിങ്ങൾ വൈകുന്നത് അവരും കാണുന്നുണ്ട്.'

ആ രസംകൊല്ലി ജോലിക്കാരൻ ചോദിച്ചു, 'സാർ അതിന് ഒരു വഴി യുണ്ട്. ഞാൻ പിൻവാതിൽ വഴി വന്നു കയറട്ടെ?'

തുണിക്കടയിൽ പോയ ഒരു സ്ത്രീ നിരവധി വസ്ത്രങ്ങൾ എടുത്ത് ട്രയൽ റൂമിൽ ഇട്ട് ചേരുന്നുണ്ടോ എന്ന് നോക്കുകയാണ്.അവർ ഓരോ തവണ വസ്ത്രം മാറി വരുമ്പോഴും അവരുടെ അഞ്ചു വയസ്സുള്ള കുട്ടി അത് കണ്ട്, 'അമ്മേ, ഇത് നന്നായിട്ടുണ്ട്' എന്ന് പറയും.

അതേകടയിൽമറ്റൊരുസ്ത്രീയും വസ്ത്രം നോക്കാൻ വന്നു. അവർ 'ഞാൻ ഒരു മണിക്കൂറായി വസ്ത്രം തെരയുന്നു. ഒന്നും ഇഷ്ടമാകുന്നില്ല. നിങ്ങളുടെ മകനെ അഞ്ചു മിനിറ്റ് എന്റെ കൂടെ പറഞ്ഞു വിടുമോ? അവന് ഇഷ്ടപ്പെട്ടാൽ ആ ഡ്രസ് എനിക്കും ചേരുമായിരിക്കും,' അവർ പറഞ്ഞു. കുട്ടി അന്തിച്ചു നിന്നു പോയി.

വീട്ടിൽ ഫോൺ അടിച്ചതും മധ്യവയ്സ്കയായ ഒരു സ്ത്രീ അത് എടുത്തു. മറുവശത്ത് ഒരു യുവതി തിടുക്കത്തിൽ സംസാരിക്കുകയാണ്. 'അമ്മാ, കോളേജിൽ നിന്ന് വരുന്ന വഴി വണ്ടി കേടായി. അത് സർവീ സിന് കൊടുത്ത് സിനിമ കാണാൻ വന്നു. വീട്ടിൽ 10 മണിക്കേ എത്തൂ. അച്ഛനോട് മറ്റെന്തെങ്കിലും പറയണം.'

ആ സ്ത്രീക്ക് രണ്ട് ആൺകുട്ടികൾ മാത്രമാണ് ഉള്ളത്. യുവതി ഡയൽ ചെയ്തത് റോങ് നമ്പർ ആണെന്ന് മനസ്സിലായി. അവർ 'നീ എന്റെ മകൾ അല്ല' എന്ന് പറഞ്ഞു. ഇത് കേട്ടതും ആ യുവതി,'ഒരു ദിവസം ലേറ്റ് ആയാൽ അമ്മ എന്റെ അമ്മയല്ലാതാകുമോ? അച്ഛനോട് മറ്റെന്തെങ്കിലും പറയണം' എന്ന് ആ യുവതി വീണ്ടും പറഞ്ഞ് ഫോൺ കട്ട് ചെയ്തു. ആ സ്ത്രീ സ്തബ്ധയായി ഫോൺ നോക്കിയിരുന്നു. ●

RAMRAJ

വെണ്മ

പുതിയ കാഴ്ചകൾ

വോള്യം 8 ലക്കം 4

ഡിസംബർ 2025

ഓണററി എഡിറ്റർ

കെ ആർ നാഗരാജൻ

പത്രാധിപർ

ടി ജെ ജ്ഞാനവേൽ

എക്സിക്യൂട്ടീവ് എഡിറ്റർ

സെബാസ്റ്റ്യൻ ജോസഫ്

അസിസ്റ്റന്റ് എഡിറ്റർ

വേണുഗോപാൽ എസ്

പ്രൊഡക്ഷനും ഡിസൈനും

തരു മീഡിയ (പ്രൈ) ലിമിറ്റഡ്,

നം. 18, ഗ്രൗണ്ട് ഫ്ലോർ,

14-ആമത് ക്രോസ് സ്ട്രീറ്റ് ജങ്ഷൻ,

ഡിഫെൻസ് കോളനി,

ഈക്കാട്ടുതാങ്കൽ,

ചെന്നൈ - 600 032

മൊബൈൽ - 9952920801

ഈ മാസികയുടെ ഒരു ഭാഗവും രേഖാപൂർവമുള്ള മുൻകൂർ അനുമതിയില്ലാതെ ഇലക്ട്രോണിക് മാധ്യമങ്ങൾ അടക്കം പുനപ്രസിദ്ധീകരിക്കുന്നത് പകർപ്പവകാശ നിയമനുസരിച്ച് നിരോധിക്കപ്പെട്ടിരിക്കുന്നു.

Published by

K.R. NAGARAJAN,

Published from

10, Sengunthapuram

Mangalam Road, TIRUPUR–641 604.

Email: venmaii@ramrajcotton.net

ലോകത്തിന്റെ ഉപ്പ്

ഇഷ്ടം, താൽപര്യം, ആഗ്രഹം, അഭിലാഷം, അഭിനിവേശം തുടങ്ങി നമ്മുടെ മോഹങ്ങൾ സൂചിപ്പിക്കാൻ എത്ര വാക്കുകളാണ്! എങ്കിലും അവയൊന്നും അഭിനിവേശത്തിന് അടുത്തു വരുന്നില്ല. കാരണം അത്യഗാധമായ താൽപര്യമാണ് അത് സൂചിപ്പിക്കുന്നത്. മനസ്സും ശരീരവും ഒന്നുചേർന്ന് ഒരു കാര്യത്തിനായി എല്ലാം സമർപ്പിക്കാൻ തയാറാകുന്ന അപൂർവ നിയോഗമാണ്അഭിനിവേശം.ലക്ഷ്യംകണ്ട്മാത്രമേ അത് അടങ്ങുകയുള്ളൂ. നിത്യജീവിതത്തിലും അഭിനിവേശം അങ്ങനെയാണ് പക്ഷേ അതിനെ നമ്മുടെ സാമാന്യ ബോധവും സാമൂഹിക കടപ്പാടുകളും നിയന്ത്രിക്കുന്നു. സമൂഹത്തിന്റെ നിയമങ്ങൾക്ക് വിധേയമാണ് അത്.

നാം അറിയാതെ നമ്മെ ജീവിതം മോഹിപ്പിക്കുന്നു. നമ്മുടെ കഴിവുകൾ നമ്മെ നിർബന്ധിപ്പിക്കുന്നു. ആഗ്രഹങ്ങൾ അവയ്ക്ക് ചൂട് പകരുന്നു. നമ്മുടെ താൽപര്യം കൂടി ചേരുമ്പോൾ നമുക്ക് ചില കാര്യങ്ങളിൽ വലിയ അഭിനിവേശം ഉണ്ടാകുന്നു. ഈ ജീവിതത്തിൽ മുന്നേറണമെങ്കിൽ, വിജയം കൈവരിക്കണമെങ്കിൽ, നിങ്ങളുടെ ജീവിതത്തിന് അടുക്കും ചിട്ടയും അർത്ഥവും ലഭിക്കണമെങ്കിൽ, നിങ്ങൾക്ക് ചില വിഷയങ്ങളിൽ തികഞ്ഞ അഭിനിവേശംഉണ്ടാകണം.അത്കലയോട്ആകാം എഴുത്തിനോടാകാം, ശാസ്ത്രത്തിനോടാകാം, ചില സാധാരണ വിഷയങ്ങളോടാകാം. കാലത്തിനും സമൂഹത്തിനും യോജിച്ചതാകണം ഈ അഭിനിവേശം. അത് നിങ്ങളെ മുന്നോട്ടു നയിക്കും. വിജയത്തിലേക്കു കൈ പിടിച്ച് നടത്തും. പരാജയപ്പെട്ടാൽ അതിൽ നിന്ന് പാഠം പഠിക്കും.

നിങ്ങൾ ഏർപ്പെട്ടിരിക്കുന്ന കൃത്യത്തിൽ വിജയത്തിന് വേണ്ടി അതീവ അഭിനിവേശം ഉണ്ടോ എന്നതാണ് പ്രശ്നം. അതാണ് നിങ്ങളുടെ ജീവിതത്തെ മുന്നേറ്റത്തിലേക്ക് നയിക്കുന്നത് കഷ്ടപ്പാടുകൾ പോലും ആയാസരഹിതമാക്കുന്നത്. നവീനമായ ചിന്തകളുംവസ്തുക്കളുംഇവിടെസൃഷ്ടിക്കുന്നത്. .ലോകത്തിന്റെ ഉപ്പാണ് അഭിനിവേശം. ●


Pride in
Every Thread,
Heritage in
Every Weave.
RAMRAJ
SHIRTINGS & SUITINGS
COTTON • LINEN • TRADITIONAL
100% Premium Fabrics
SCAN QR CODE FOR
STORE LOCATION
Available at Ramraj Showrooms & All leading Textile Shops | Shop Online at www.ramrajcotton.in


RAMRAJ
CULTURE CLUB®
MATCHING DHOTIS • SHIRTS
Where Heritage Meets Harmony
Available at Ramraj Cotton Showrooms and All Leading Textile Shops
Shop online at www.ramrajcotton.in
SCAN QR CODE FOR STORE LOCATION

RAMRAJ©
COTTON
DHOTIS • SHIRTS
MADE for MEN WHO LEAD.
In a world chasing trends, some carry legacy with quiet confidence. Ramraj Cotton's Dhotis and Shirts are crafted for men who stay grounded in tradition while boldly shaping tomorrow.
Available at Ramraj Cotton Showrooms and All Leading Textile Shops
Shop online at www.ramrajcotton.in
SCAN QR CODE FOR STORE LOCATION

RAMRAJ
mithu®
TOWELS
Softness in Every Shape, Shade & Weave.
• Bamboo Towels
• Terry Towels
• Signature Towels
• Striped & Chequered Towels
Premium Cotton & Bamboo
High absorption
Quick drying
Non-allergic to skin
Light Weight
Range of colours & patterns
Available at Ramraj Showrooms & All leading Textile Shops | Shop Online at www.ramrajcotton.in

നിങ്ങളുടെ വീട്ടിൽ വെണ്മ എത്തണ്ടേ?

വെണ്മ

വരിക്കാരാകൂ

'ഉന്നതമായ ചിന്തകൾ ലോകമെമ്പാടും എത്തേണ്ടതുണ്ട്' എന്ന ഉൽകൃഷ്ടമായ ലക്ഷ്യത്തിൽ മികവുറ്റ ലക്കങ്ങൾ തുടർന്നും എത്തിച്ചു കൊണ്ടിരിക്കുകയാണ് വെണ്മ. ഓരോ കുടുംബവും അമൂല്യമായ നിധി പോലെ സൂക്ഷിക്കേണ്ട ഒന്നാണ് ഈ ലക്കം

ഒരു വർഷം സബ്സ്ക്രിപ്ഷൻ 200 രൂപ
രണ്ട് വർഷം സബ്സ്ക്രിപ്ഷൻ 380 രൂപ

VENMAII എന്ന പേരിൽ എഴുതിയ/എടുത്ത ചെക്ക്/ഡിഡി അയക്കുക. അതിന്റെ പിൻഭാഗത്ത് നിങ്ങളുടെ പേരും വിലാസവും എഴുതണം.

അല്ലെങ്കിൽ

VENMAII എന്ന പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ (A/C No:1809135000000299 Karur Vysya Bank, Tirupur SR Nagar Branch - IFSC: KVBL0001809) പണം ചെലുത്തി ആ രസീതിന്റെ പകർപ്പ് സബ്സ്ക്രിപ്ഷൻ ഫോമിനോടൊപ്പം അയക്കാം.

വെണ്മ
രാംരാജ് വി ടവർ.
10, ചെങ്കുന്തപുരം, മംഗലം റോഡ്,
തിരുപ്പൂർ-641 604
email: venmaii@ramrajcotton.net

സബ്സ്ക്രിപ്ഷൻ അടയ്ക്കാനും വെണ്മ ലക്കം മൊത്തത്തിൽ വാങ്ങാനും ബന്ധപ്പെടു.
ഫോൺ:
0421-4304106, 98422 74137

ഒരു നിമിഷം കൊണ്ട് വെണ്മയുടെ വരിക്കാരാകാം

1. നിങ്ങളുടെ സബ്സ്ക്രിപ്ഷൻ എന്നിവ വഴി അടയ്ക്കാം.

UPI ട്രാൻസാക്ഷനിലൂടെയും മൊബൈൽ ഫോൺവഴിയും വെണ്മയുടെ ബാങ്ക് അക്കൗണ്ടിലേക്ക് സബ്സ്ക്രിപ്ഷൻ തുക അടയ്ക്കാം. വെണ്മ UPI id: kvbupiqr.75626@kvb

Bharat QR code സൗകര്യമുള്ള മൊബൈൽ ബാങ്കിങ് ആപ്പ് ഉപയോഗിക്കുന്നവർ, അതിൽ ഇവിടെ നൽകിയിരിക്കുന്ന വെണ്മയുടെ ബാങ്ക് അക്കൗണ്ടിന്റെ QR code സ്കാൻ ചെയ്ത് സബ്സ്ക്രിപ്ഷൻ തുക അടയ്ക്കാം.

2. പണം അടച്ചതായി ബാങ്കിൽ നിന്നുള്ള സന്ദേശം Forward ചെയ്യൂ

3. അതോടൊപ്പം പൂർണമായ മേൽവിലാസവും മൊബൈൽ ഫോൺ നമ്പരും വാട്സ്ആപ്പ് ചെയ്യൂ. മൊബൈൽ ഫോൺ നം: 98422 74137

ബാങ്ക് അക്കൗണ്ട് വിശദാംശങ്ങൾ:
Venmaii
A/C No: 1809135000000299, Karur Vysya Bank
Tirupur SR Nagar Branch, IFSC Code :KVBL0001809.

വിദ്യാർത്ഥികൾക്ക് പ്രത്യേക കിഴിവ്

ഒരു വർഷത്തെ സബ്സ്ക്രിപ്ഷൻ
രൂപ ~~200~~ രൂപ 125 മാത്രം

രണ്ട് വർഷത്തെ സബ്സ്ക്രിപ്ഷൻ
രൂപ ~~380~~ രൂപ 250 മാത്രം

(ആറാം ക്ലാസിനു മുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ഈ സൗജന്യം. സബ്സ്ക്രിപ്ഷൻ പണം അടയ്ക്കുമ്പോൾ വിദ്യാർത്ഥികൾ തിരിച്ചറിയൽ കാർഡിന്റെ പകർപ്പും അയക്കണം)

സീനിയർ സിറ്റിസൺ പ്രത്യേക കിഴിവ്

ഒരു വർഷത്തെ സബ്സ്ക്രിപ്ഷൻ
രൂപ ~~200~~ രൂപ 125 മാത്രം

രണ്ട് വർഷത്തെ സബ്സ്ക്രിപ്ഷൻ
രൂപ ~~380~~ രൂപ 250 മാത്രം

(60 വയസ്സിനു മുകളിലുള്ളവർക്കാണ് ഈ സൗജന്യം. സബ്സ്ക്രിപ്ഷൻ പണം അടയ്ക്കുമ്പോൾ ജനനത്തീയതിയുടെ തെളിവിന്റെ പകർപ്പും അയക്കണം)

ഷോറൂമുകളിൽ നിന്ന് 10,000 രൂപയ്ക്കു മേൽ ഉൽപന്നങ്ങൾ വാങ്ങുന്നവർക്ക്
ഒരു വർഷത്തെ സബ്സ്ക്രിപ്ഷൻ സമ്മാനമായി നൽകും

- ജീവിതം നമുക്ക് 10 ശതമാനം അവസരങ്ങളേ നൽകൂ. അവ എത്ര കണ്ട് അഭിനിവേശത്തോടെ ഉപയോഗപ്പെടുത്തുന്നു എന്നതിലാണ് ബാക്കി 90 ശതമാനം വിജയം കുടികൊള്ളുന്നത്.
- ജീവിതത്തിൽ എന്തു സംഭവിച്ചാലും, അത് നാം എത്തരത്തിലുള്ള അഭിനിവേശത്തോടെ നേരിടുന്നു എന്നതിന് അനുസരിച്ച് മുന്നേറ്റം ലഭിക്കും.
- അഭിനിവേശം ഉണ്ടെങ്കിൽ അത്ഭുതങ്ങൾ സംഭവിക്കും.സന്തോഷംഉണ്ടെങ്കിൽമഹത്തായ കാര്യങ്ങൾ സംഭവിക്കും. ദുഃഖത്തോടെ ഇരുന്നാൽ എല്ലാം തെറ്റായി സംഭവിക്കും. നാം മാറുന്നതിന് അനുസരിച്ചാണ് ജീവിതവും മാറുന്നത്.
- അഭിനിവേശത്തോടെ മൂന്ന് കാര്യങ്ങൾ പിൻപറ്റണം. പണം സമ്പാദിക്കാൻ ഒന്ന്, വളർച്ചയ്ക്ക് ഒന്ന്, സന്തോഷത്തിന് ഒന്ന്.
- നിങ്ങൾ നേടാൻ ആഗ്രഹിക്കുന്ന ഒരു കാര്യം ഒരു ചുറ്റുപാടിലും കൈവിടരുത്. പരിശ്രമവും അഭിനിവേശവും ഉണ്ടെങ്കിൽ, ഒന്നും വിരുദ്ധമായി സംഭവിക്കില്ല.
- അഭിനിവേശംനിങ്ങളെനയിച്ചാൽ,ഏതെങ്കിലും ഒരു കാരണം നിങ്ങളെ പിൻവാങ്ങാതെ കാക്കും.
- ഈ ലോകത്തെ ഏറ്റവും വലിയ വിജയങ്ങൾ എല്ലാം അഭിനിവേശത്തോടെ ചില വ്യക്തികൾ അധ്വാനിച്ച് നേടിയവയാണ്.
- എത്ര അഭിനിവേശം ഉണ്ടായിരുന്നാലും, 'ഇത് എനിക്ക് ചെയ്യാൻ കഴിയുമോ' എന്ന സംശയം ഉയർന്നാൽ ഒന്നും നേടാൻ കഴിയില്ല.
- നിങ്ങളുടെ താൽപര്യത്തെ നിങ്ങൾ പിന്തുടർന്നാൽ, വിജയം നിങ്ങളെ പിന്തുടരും.
- അഭിനിവേശത്തോടെ പ്രവർത്തിയിൽ ഇറങ്ങുന്നവരാണ്, സാധ്യമല്ല എന്ന് കരുതപ്പെടുന്ന എല്ലാം നേടുന്നവർ.
- അഭിനിവേശം ഇല്ലാതെ നിങ്ങൾക്ക് പ്രവർത്തിക്കാൻ ശക്തി ഉണ്ടാകില്ല. ശക്തി ഇല്ലെങ്കിൽ ഒന്നും സാധ്യമാകില്ല.
- ഒരാളെ ബലഹീനത, പരാജയം എന്നിങ്ങനെയുള്ള പ്രതിബന്ധങ്ങൾ മറികടന്ന് നേടാൻ വഴിയൊരുക്കുന്നത് ആ വ്യക്തിയുടെ അഭിനിവേശം മാത്രമാണ്.
- നിങ്ങൾ ചെയ്യുന്ന ജോലിയെ സ്നേഹിക്കുന്നില്ലെങ്കിൽ ആ ജോലി പൂർണ മനസ്സോടെയും അഭിനിവേശത്തോടെയും നിങ്ങൾക്ക് ചെയ്യാൻ കഴിയില്ല.
- നിങ്ങളുടെ കഴിവിനേറ്റ ഒരു ഉയരത്തിൽ എത്താതെ, 'ഇത് മതി' എന്ന് ചെറിയ കാര്യങ്ങളിൽ തൃപ്തിയടഞ്ഞാൽ, നിങ്ങൾക്കുള്ളിൽ അഭിനിവേശം നുരയുന്നില്ല എന്ന് അർത്ഥം.
- ചെയ്യുന്ന ജോലിയുമായി ബന്ധപ്പെട്ട നിങ്ങളുടെ ഭയത്തേയും സംശയത്തേയുംകാൾ, നിങ്ങൾക്ക് അഭിനിവേശവും കഴിവും കൂടുതലായുണ്ടെങ്കിൽ തീർച്ചയായും വിജയിക്കും.
- 'ഇതാണ് എന്റെ ജീവിതത്തിന്റെ അർത്ഥം' എന്ന് നിങ്ങൾക്ക് ബോധ്യമുണ്ടെങ്കിൽ, നിങ്ങളെ ആരും പ്രോത്സാഹിപ്പിക്കേണ്ട കാര്യമില്ല. അഭിനിവേശം നിങ്ങൾക്ക് വഴികാട്ടിയാകും.
- ഇഷ്ടമില്ലാതെഒരുജോലിചെയ്താൽമാനസിക സമ്മർദ്ദം ഉണ്ടാകും. അഭിനിവേശത്തോടെ ചെയ്താൽ വിജയം വരും.
- നിങ്ങൾക്ക് ഏതിലാണ് അഭിനിവേശം എന്ന് അറിഞ്ഞിരിക്കണം. അത് പിന്തുടരണം. അത് നേടുന്നത് സ്വപ്നം കാണണം, അതിനു വേണ്ടി ജീവിക്കണം.
- ചെയ്യുന്ന ജോലിയിൽ അഭിനിവേശം കാണിക്കുകയും അതിൽ ഉയരണം എന്ന ആത്മവിശ്വാസം ഉണ്ടായിരിക്കുകയും കഠിനാധ്വാനം ചെയ്യുകയും ചെയ്താൽ ജീവിതത്തിൽ എന്തും നിങ്ങൾക്ക് നേടാൻ കഴിയും.
- 'സാധ്യമല്ല' എന്ന് എല്ലാവരും എഴുതിത്തള്ളിയ ഒരു കാര്യം നിങ്ങൾ നേടിയാൽ, നിങ്ങൾക്ക് അഭിനിവേശം വഴികാട്ടിയാകുന്നു എന്ന് അർത്ഥം.
- 'കെടാവിളക്ക്' എന്നത് മറ്റൊന്നുമല്ല. നിങ്ങൾക്കുള്ളിൽ അഗ്നിയായി എരിയുന്ന അഭിനിവേശമാണ്.
- നിങ്ങളുടെ അഭിനിവേശത്തെ കൂട്ടിലിടരുത്. പിന്നീട് നിങ്ങൾക്ക് സ്വതന്ത്രമായി നേടാനേ കഴിയില്ല.

അഭിനിവേശം മൊഴികൾ

- അഭിനിവേശത്തോടെ ചെയ്യുന്ന കാര്യം ജയിക്കാൻ കഴിയും എന്ന് ആദ്യം നിങ്ങൾ വിശ്വസിക്കണം. അപ്പോൾ 'നിങ്ങൾക്ക് കഴിയും' എന്ന് മറ്റുള്ളവരും വിശ്വസിക്കും.
- വിജയിക്കാനുള്ള ദാഹമാണ് നിങ്ങളുടെ ജീവിതയാത്രയുടെ അർത്ഥമായിരിക്കുന്നത്. അതിന് വഴിവിളക്കായി നിങ്ങളുടെ അഭിനിവേശവും ഉണ്ടായിരിക്കും.
- അഭിനിവേശമുള്ള ഒരു കാര്യം ചെയ്യാൻ ജീവിതത്തിൽ എല്ലാം അർപ്പിക്കുന്ന ഒരാൾക്ക് വിജയം വാതിലിൽ കാത്തിരിക്കും.
- അഭിനിവേശം ധൈര്യവും കൂടിച്ചേരുമ്പോൾ, നിങ്ങൾ ചെയ്യാൻ ആഗ്രഹിക്കുന്ന എന്തും നേടാൻ കഴിയും.
- നിങ്ങളുടെ ജീവിതമേ മാറ്റാൻ കഴിയുന്ന കരുത്തും ക്ഷമയും കഴിവും അഭിനിവേശവും നിങ്ങൾക്കുള്ളിൽ അടങ്ങിയിട്ടുണ്ട്.
- സ്വപ്നങ്ങളും അവ നിറവേറ്റാൻ നാം കാണിക്കുന്ന അഭിനിവേശവും, നമ്മുടെ കണ്മുന്നിൽ കാണുന്ന സത്യത്തേക്കാൾ വലുതാണ്.
- അഭിനിവേശത്തോടെ ഒരു ജോലി ചെയ്യുമ്പോൾ, നമ്മെക്കുറിച്ച് മേന്മയോടെ ചിന്തിക്കാം. നാം ഇരിക്കുന്ന ചുറ്റുപാടുകളെ പോസിറ്റീവായി സമീപിക്കാം.
- നിങ്ങളുടെ ജീവിതവും അതിൽ നിങ്ങൾ തെരഞ്ഞെടുക്കുന്ന അവസരങ്ങളും നിങ്ങൾക്ക് മാറ്റാൻ കഴിയും. നിങ്ങളുടെ അഭിനിവേശം തിരിച്ചറിഞ്ഞ് അവ മാറ്റണം.
- ചെയ്യുന്ന ജോലിയെ സ്നേഹിക്കണം. സ്നേഹിക്കുന്ന ജോലി ചെയ്യണം. അഭിനിവേശത്തോടെ ചെയ്യുമ്പോൾ അത് നിങ്ങളുടെ മാറ്റ് കൂട്ടും.
- എത്ര തവണ തോറ്റാലും, താൽപര്യം ഉള്ള ജോലി വീണ്ടും അതേ ഉത്സാഹത്തോടെ നിങ്ങൾക്ക് ചെയ്യാൻ കഴിയും.
- നിങ്ങളുടെ നാട്ടിലേക്കുള്ള അവസാന ബസ് പിടിക്കാൻ എത്ര ആവേശത്തോടെ ഓടുന്നുവോ, അതേ ഉത്സാഹത്തോടെ ജോലികൾ ചെയ്യണം.
- ധൈര്യം നിങ്ങളെ നയിക്കുകയും ഉത്സാഹം നിങ്ങളെ പ്രവർത്തിപ്പിക്കുകയും ചെയ്യുമ്പോൾ ഏത് ജോലിയിലും വിജയം സാധ്യം.
- ചെയ്യുന്ന ജോലിയിൽ അഭിനിവേശം നിങ്ങൾ സൃഷ്ടിക്കണം. മറ്റാരിൽ നിന്നും അത് കടം വാങ്ങാൻ കഴിയില്ല. •

അഭിനിവേശം കൊണ്ട് സന്തോഷം ലഭിക്കും

പ്രൈമറി സ്കൂളിൽ ചെല്ലുമ്പോൾ, 'ഈ ക്ലാസുകൾ കരകയറിയാൽ പിന്നീട് സന്തോഷമായിരിക്കാം' എന്ന് പറയും. ഹയർ സെക്കൻഡറി സ്കൂളിൽ ചെന്നതും, 'സ്കൂൾ ജീവിതം പൂർത്തിയാക്കി കോളെജിൽ പോയാൽ സന്തോഷമായിരിക്കാം' എന്ന് പറയും. കോളെജിൽ ചെന്നതും, 'ബിരുദം നേടി ഒരു ജോലിയിൽ ചേർന്നാൽ സന്തോഷമായിരിക്കാം' എന്ന് പറയും.

ആകാശത്തെ എത്തിപ്പിടിക്കാൻ പോകുമ്പോൾ അത് കൂടുതൽ കൂടുതൽ അകന്നു പോകുന്നതു പോലെ, സന്തോഷം എന്നത് ഓരോ ഘട്ടത്തിലും അകന്നു പോയിക്കൊണ്ടേയിരിക്കും.

സത്യത്തിൽ സന്തോഷം ഇങ്ങനെ തേടുന്നതു തന്നെ തെറ്റ്. 'ഏതെങ്കിലും ഒന്ന് കടന്നു കഴിഞ്ഞാൽ അതിനു ശേഷം ലഭിക്കുന്നതാണ് സന്തോഷം' എന്ന് ചിന്തിക്കരുത്. ഓരോ ഘട്ടത്തെയും സന്തോഷത്തോടെ കടക്കണം. അതിന് അഭിനിവേശമാണ് സഹായിക്കുന്നത്. നമ്മുടെ പക്കൽ എന്താണോ ഉള്ളത് അതു വച്ച് സന്തോഷിക്കാൻ ശീലിക്കണം. ഏതെങ്കിലും ഒരു സ്ഥാനം നേടുന്നതിൽ സന്തോഷം ലഭിക്കാറില്ല. അത് നേടാനുള്ള ആ യാത്രയിലാണ് അതിരറ്റ സന്തോഷം ലഭിക്കുന്നത്.

സന്തോഷത്തോടെ ഓരോ നിമിഷവും കടക്കാൻ ആ നേരത്തെ അഭിനിവേശം നമ്മെ സഹായിക്കും. കുട്ടിക്കാലം മുതൽക്കേ വിദ്യാഭ്യാസത്തിലും ജോലിയിലും അഭിനിവേശം ഏർപ്പെടുത്തണം. അത് ലളിതമാണ്. 'വളർന്നതും എന്താകാനാണ് പോകുന്നത്?' എന്ന് ചോദിച്ചാൽ ഡോക്ടർ, എഞ്ചിനീയർ എന്നിങ്ങനെ ഓരോ ദിവസവും ഓരോ ഉത്തരം ലഭിക്കും. വളരുന്തോറും അവരുടെ ഇഷ്ടങ്ങളും മാറിക്കൊണ്ടേയിരിക്കും. 'ഇഷ്ടമുള്ളത് ചെയ്യൂ' എന്ന് മുതിർന്നവരോട് പറയുന്നതു പോലെ 'ചെയ്യുന്നത് ഇഷ്ടപ്പെടൂ' എന്ന് കുട്ടികളോട് പറഞ്ഞ് വളർത്താം.

വളരുന്ന കാലത്ത് അഭിനിവേശം ഉണർത്താൻ ചില കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്.

◆ പ്രവർത്തികളിലും ചിന്തകളിലും അവർക്ക് സ്വാതന്ത്ര്യം ലഭിക്കണം. എന്തും വെവ്വേറെ മാർഗങ്ങളിൽ ചെയ്തു നോക്കാനുള്ള കഴിവ് നേടണം. ഒരു കാര്യം എപ്പോഴാണ് വേഗത്തിലും എപ്പോഴാണ് സാവകാശവും ചെയ്യേണ്ടത്, എപ്പോൾ ആരംഭിക്കണം, ഏത് ഘട്ടത്തിൽ പൂർത്തിയാക്കണം എന്നതെല്ലാം അവർ അറിഞ്ഞിരിക്കണം.

◆ ഒരേ കാര്യം വീണ്ടും വീണ്ടും ചെയ്യുമ്പോൾ പുതിയ ചിന്തകൾ ഉണ്ടാകില്ല. വ്യത്യസ്തമായ പ്രവർത്തികളിൽ അവരെ പരിശീലിപ്പിക്കണം. അതാണ് അഭിനിവേശം ഉണർത്തുന്നത്.

◆ വെല്ലുവിളി ഇല്ലാത്ത ലക്ഷ്യങ്ങൾ വളർച്ചയ്ക്ക് വഴികാട്ടില്ല. അവർക്ക് ഉയർന്ന ലക്ഷ്യങ്ങൾ നൽകണം. അവ നേടാൻ ഓടിക്കൊണ്ടേയിരിക്കും.

◆ ഉയർന്ന ലക്ഷ്യങ്ങൾ കൈവരിക്കുമ്പോൾ, അതിന്റെ ഫലങ്ങളും അവർക്ക് ലഭിക്കണം. നല്ല മാർക്ക് വാങ്ങുന്ന ഒരു വിദ്യാർത്ഥിക്ക് അവൻ ആഗ്രഹിക്കുന്ന വിദ്യാഭ്യാസം നേടാൻ വഴിയൊരുക്കണം. അല്ലാത്തപക്ഷം അഭിനിവേശം എളുപ്പത്തിൽ തന്നെ അപ്രത്യക്ഷമാകും. ●

RAMRAJ
COTTON
CULTURE OF INDIA

ENES
TEXTILE MILLS
Ramraj-V-Tower, 10, Sengunthapuram,
Mangalam Road, Tirupur - 641 604.
Ph : 0421 - 4304147,
web : www.ramrajcotton.in

വസ്ത്രദാനം മികച്ചത്

പ്രിയരേ,

ദാനങ്ങളിൽ അന്നദാനം, ഗോദാനം, ഭൂദാനം എന്നിങ്ങനെ നിരവധി ഉണ്ടെങ്കിലും ഒരു മനുഷ്യന്റെ ജീവനേക്കാൾ വിലപ്പെട്ട അഭിമാനം കാത്തുസൂക്ഷിക്കുന്ന വസ്ത്രങ്ങൾ ദാനം ചെയ്യുന്നതാണ്മികവുറ്റതായി കരുതപ്പെടുന്നത്.

നമ്മുടെ വേദങ്ങളിൽ വസ്ത്ര ദാനത്തെ കുറിച്ച്പ്രത്യേകമായി പ്രതിപാദിച്ചിട്ടുണ്ട് ദേവതകൾ വസ്ത്രങ്ങളിലാണ് വസിക്കുന്നതത്രെ. കരയുള്ള വസ്ത്രങ്ങൾ ദാനംചെയ്യുന്നത്... ദാനം ചെയ്യുന്നവരും അവരുടെ തലമുറകളും ദീർഘായുസ്സോടെ ജീവിക്കണം എന്ന് വസ്ത്രത്തിൽ കുടിയിരിക്കുന്ന ദേവതകൾഅനുഗ്രഹിക്കുന്നതിന് തുല്യമാണത്രെ. അതു പോലെ ദാനം സ്വീകരിക്കുന്നവരും, നൽകുന്നവരെ അനുഗ്രഹിക്കുമ്പോൾ, അനുഗ്രഹം പലമടങ്ങ് വലുതായി വസ്ത്രം ദാനം ചെയ്തവർക്ക് നന്മകൾ നൽകും.

നെയ്ത്തിലൂടെയും നെയ്ത്തുകാരിലൂടെയും നമുക്ക് പല തത്വങ്ങളും മനസ്സിലാക്കാൻ കഴിയും. പുരുഷനിലും സ്ത്രീത്വം ഉണ്ട്, സ്ത്രീയിലും പുരുഷത്വമുണ്ട്. ഇത് ശാസ്ത്രത്തിനു മുമ്പേ ആത്മീയത അർധനാരീശ്വര രൂപത്തിൽ വിവരിച്ചിട്ടുണ്ട്. വേഷ്ടിയായാലും സാരിയായാലും ഇവ രണ്ടിലും ഊടും പാവും ഉണ്ട്. വസ്ത്രത്തിൽ നീളത്തിലുള്ള നീണ്ട നൂലിഴ സ്ത്രീയും കുറുകെയുള്ള കുറുകിയ നൂലിഴ പുരുഷനുംആണത്രെ. ലൗകിക ജീവിതത്തിൽ സ്ത്രീകളുടെ പങ്ക് അധികമാണെന്ന് ബോധ്യപ്പെടുത്തുന്നു ഇത്. അതിനാലാണ് ദാമ്പത്യ ജീവിതത്തിൽ എല്ലാ കാര്യങ്ങളിലും സ്ത്രീകൾക്ക് മുഖ്യത്വം നൽകുന്നത്. ലേഡീസ് ഫസ്റ്റ് എന്ന ഇംഗ്ലീഷ് തത്വവും ഇതിനു ശേഷം ഉണ്ടായതാണ്.

പുരുഷനും സ്ത്രീയും ചേർന്ന് നെയ്യുന്നതാണ് ദാമ്പത്യ ജീവിതം എന്നതാണ് സത്യം. ഈ തത്വം പറയുന്നതാണ് വേഷ്ടിയും സാരിയും പോലുള്ള വസ്ത്രങ്ങൾ. അതിനാലാണ് ഉത്സവകാലങ്ങളിലും ശുഭകാര്യങ്ങളിലും പരസ്പരം വേഷ്ടിയും സാരിയും കൈമാറുന്ന പാരമ്പര്യം ശീലമായത്.

ലോകത്തെ ചങ്ങല പോലെ കോർത്തിണക്കിയ ആദ്യ ഇന്റർനെറ്റ് വെബ്സൈറ്റ് സേവനവും ഈ സാരിയും വേഷ്ടിയും ആണ്. അതിനാലാണ് എല്ലാ ജീവിത, ജീവിതാനന്തര ക്രിയകളിലും വസ്ത്രം വയ്ക്കുന്നതിന് പ്രാധാന്യം ഉണ്ടായത്. അതിലൂടെ വസ്ത്ര ദാനമാണ് ഏറ്റവും മികച്ചത് എന്ന തത്വംഊട്ടിയുറപ്പിക്കുകയും ചെയ്യുന്നു.

ഏവർക്കും സമസ്ത ഐശ്വര്യങ്ങളും നേർന്നു കൊണ്ട്,

രാംരാജ് ഗ്രൂപ്പ്

LITTLE STARS KIDS DHOTIS • SHIRTS
GENXT READYMADE POCKET DHOTIS
lagnaa PURE SILK DHOTIS | SHIRTS
LINEN PARK PURE LINEN SHIRTS & FABRICS
CULTURE CLUB MATCHING DHOTIS & SHIRTS

ജോലി തന്നെ നിങ്ങളുടെ അഭിനിവേശമായി മാറട്ടെ

ഒരു മേഖലയിൽ അഭിനിവേശം ഉണ്ടായിരിക്കും... പഠിച്ചത് മറ്റേതെങ്കിലും ഒന്നും... ഒടുവിൽ ജോലി ചെയ്യുന്നതോ ഇവ രണ്ടുമായും ബന്ധം ഇല്ലാത്ത ഒരു മേഖലയിലും. ഇന്ത്യൻ യുവാക്കളിൽ പലർക്കും ഇതാണ് സംഭവിക്കുന്നത്. പഠനത്തിലും ജോലിയിലും അഭിനിവേശം വളർത്തുന്നവരാണ് ജയിക്കുന്നവർ. അതിനുമപ്പുറം, തങ്ങൾക്ക് അഭിനിവേശമുള്ള മേഖലയിൽ ഏതെങ്കിലും വിധത്തിൽ എത്തിപ്പെട്ട് അധ്വാനിക്കുന്നവർ, മഹത്തായ ഉയരത്തിലെത്തും. അത്തരത്തിൽ അത്ഭുതം സൃഷ്ടിച്ച ചിലർ:

ഈലോൺ മസ്ക്: ടെക്നോളജിയിൽ ആവേശമുള്ള ഈലോൺ മസ്കിന്, പ്രത്യേകിച്ച് ഇലക്ട്രിക് കാർ നിർമ്മിക്കുന്നതിലും ബഹിരാകാശ വാഹനങ്ങളിലും ചെറുപ്പം മുതലേ താൽപര്യം ഉണ്ടായിരുന്നു. ആ അഭിനിവേശമാണ് അദ്ദേഹത്തിനെ സ്പേസ് എക്സിന്റെ സ്ഥാപനത്തിന് വഴിയൊരുക്കിയത്. ഇന്ന് ആ സ്ഥാപനം നിരവധി സാറ്റലൈറ്റുകൾ ബഹിരാകാശത്തേക്ക് അയക്കുന്നു. അമേരിക്കൻ ബഹിരാകാശ ഗവേഷണ സ്ഥാപനമായ നാസ, അവരുടെ ബഹിരാകാശ പദ്ധതികൾക്ക് ഈലോൺ മസ്കിന്റെ സ്ഥാപനമാണ് ഉപയോഗപ്പെടുത്തുന്നത്. അതേ പോലെ അദ്ദേഹം രൂപപ്പെടുത്തിയ ടെസ്ലാ കാർ, ഡ്രൈവർ ഇല്ലാതെ ഓടുന്ന സാങ്കേതികവിദ്യയുള്ള ഇലക്ട്രിക് കാർ ആണ്. അത് അമേരിക്ക തന്നെ ആഘോഷമാക്കുകയാണ്.

റേ ക്രോക്: ലോക പ്രശസ്ത ഫാസ്റ്റ് ഫുഡ് സ്ഥാപനമായ മക്ഡൊണാൾഡിനെ വളർത്തിയെടുത്ത വ്യക്തി. അമേരിക്കയിലെ ഒരു ചെറിയ നഗരത്തിൽ ബർഗർ വിൽക്കുന്ന ചെറിയ ബേക്കറി പോലെ ആരംഭിച്ച സ്ഥാപനത്തിനെ ലോകത്തിലെ നൂറിലധികം രാജ്യങ്ങളിലേക്ക് വ്യാപിപ്പിച്ചു. ആ സ്ഥാപനം ആരംഭിച്ചത് മറ്റ് രണ്ടു പേരായിരുന്നു. മക്ഡൊണാൾഡ് എന്ന പേരിനെ വിജയകരമായ ഒരു ബ്രാൻഡ് ആക്കി മാറ്റി, പല നഗരങ്ങളിൽ ശാഖകൾ തുറന്ന് ഭക്ഷണം വിൽക്കാൻ അതിനെ പ്രാപ്തമാക്കിയത് റേ ക്രോക്. 50 വയസ്സിനു ശേഷം തന്റെ അഭിനിവേശം പിന്തുടർന്ന് ഈ നേട്ടം അദ്ദേഹം കൈവരിച്ചു. ഇന്ന് ലോകമെമ്പാടുമുള്ള മക്ഡൊണാൾഡ് ശാഖകളിൽ പത്ത് ലക്ഷത്തിലും അധികം പേർ ജോലി ചെയ്യുന്നുണ്ടെങ്കിൽ, അതിന്റെ വ്യാപ്തി ഊഹിക്കാവുന്നതേയുള്ളൂ.

ബിൽ ഗേറ്റ്സ്: ചെറുപ്പ ത്തിൽ പഠനത്തിൽ മോശമായിരുന്നെങ്കിലും,കമ്പ്യൂട്ടറുകളോട് അപ്പോഴേ ബിൽ ഗേറ്റ്സിന് അഭിനിവേശം ഉണ്ടായിരുന്നു. അദ്ദേഹം പഠിച്ച സ്കൂൾ ആ അഭിനിവേശം പിന്തുടരാൻ അനുമതി നൽകി. ക്ലാസുകൾ ഒഴിവാക്കി ഗവേഷണ സംഘത്തിനോടൊപ്പം ചേർന്ന് കമ്പ്യൂട്ടറുകൾ ഗവേഷണം ചെയ്യുമായിരുന്നു. ആ പ്രായത്തിലേ കമ്പ്യൂട്ടർ പ്രോഗ്രാമുകൾ എഴുതി, വീഡിയോ ഗെയിമുകൾ സൃഷ്ടിച്ചു. കമ്പ്യൂട്ടറുകൾ വീടുതോറും ഉപയോഗപ്പെടുന്ന വസ്തുവായി മാറാൻ പോകുന്നു എന്ന് കണക്കുകൂട്ടി മൈക്രോസോഫ്റ്റ് സ്ഥാപിച്ചു. ഇന്ന് ലോകത്തെ മുൻനിര ധനികരിൽ ഒരാളാണ് അദ്ദേഹം.

ഓപ്ര വിൻഫ്രി: ദരിദ്ര കുടുംബത്തിലാണ് ജനിച്ചതെങ്കിലും, ചെറുപ്പത്തിലേ കഥ

പറയുന്നതിലും മറ്റുള്ളവരോട് ആശയവിനിമയം നടത്തുന്നതിലും താൽപര്യം കാണിച്ചിരുന്നു. ഈ താൽപര്യം ആരെയെങ്കിലും വിജയികളാക്കി മാറ്റുമോ എന്ന് ചിന്തിക്കുന്നവർ ഓപ്രയുടെ കഥ വായിക്കണം. ഉൾക്കരുത്തുള്ള ജീവിതാനുഭവങ്ങൾ പറയുകയും പ്രശസ്തരെ അഭിമുഖം ചെയ്യുകയും ചെയ്തുകൊണ്ട് ലോകം ആഘോഷിക്കുന്ന ടെലിവിഷൻ ആങ്കർ ആയി അവർ മാറി. അമേരിക്കൻ പ്രസിഡന്റ് മുതൽ ഹോളിവുഡ് താരങ്ങൾ അവർ അഭിമുഖം ചെയ്യുന്നതിൽ അഭിമാനിക്കുന്നു.

ഹോവാർഡ് ഷുൽട്സ്: ലോക പ്രശസ്ത കോഫി ഷോപ്പ് ശൃംഖലയായി സ്റ്റാർബക്സിനെ മാറ്റിയ വ്യക്തി. കോഫിക്ക് ലോകം മുഴുവനും വരവേൽപ് ലഭിക്കും എന്നത് മനസ്സിലാക്കിയ അദ്ദേഹം അമേരിക്കയിലെ സിയാറ്റിൽ നഗരത്തിലെ മാർക്കറ്റിൽ ഉണ്ടായിരുന്ന ഒരു ചെറിയ കട വാങ്ങി. പല സ്ഥലങ്ങളിൽ അതിന്റെ ശാഖ തുറക്കാൻ ശ്രമിച്ചു. അദ്ദേഹത്തിന്റെ ബാങ്ക് വായ്പ അപേക്ഷകൾ 200 തവണയെങ്കിലും തള്ളിക്കളഞ്ഞിട്ടുണ്ടായിരിക്കും. മനസ്സ് തളരാതെ പോരാടി, പരിചയമുള്ളവരോട് കടം വാങ്ങി, സ്ഥാപനം വികസിപ്പിച്ചു. ഇന്ന് ലോകത്ത് 80-ലധികം രാജ്യങ്ങളിൽ ഏകദേശം 36,000 സ്റ്റാർബക്സ് ശാഖകൾ ഉണ്ട്. പ്രതിസന്ധികളിൽ തളരാതെ തന്റെ അഭിനിവേശം പിന്തുടർന്ന ഒരാളുടെ വിജയത്തിന്റെ അടയാളമാണ് ഇത്.

മേരി കേ ആഷ്: എളിയ കുടുംബത്തിൽ ജനിച്ച്, 17 വയസ്സിൽ വിവാഹിതയായി, തുടർച്ചയായി മൂന്ന് കുട്ടികളെ പ്രസവിച്ച്, അതിനു ശേഷം ഭർത്താവ് വിവാഹ മോചനം ചെയ്ത ഒരു യുവതിയുടെ ജീവിതം എങ്ങനെ ഉണ്ടാകും? എന്തൊക്കെയോ ജോലികൾ ചെയ്ത് കുട്ടികളെ വളർത്താൻ പോരാടി. അപ്പോഴാണ് തനിക്ക് വിൽപന ചെയ്യാനുള്ള കഴിവ് ഉണ്ടെന്ന് മനസ്സിലാക്കിയത്. ഒരു സെയിൽസ് റെപ്രസെന്റേറ്റീവ് ആയി വിജയങ്ങൾ വാരിക്കൂട്ടി. അതിൽ അവർക്ക് താൽപര്യം ഉണ്ടായിരുന്നെങ്കിലും, ഒരു സ്ത്രീ ആയതിനാൽ പ്രൊമോഷൻ നൽകാതെ അവഗണിച്ചു. 'വിൽപനയിൽ അഭിനിവേശമുള്ള ഞാൻ തന്നെ എന്തു കൊണ്ട് വസ്തുക്കളും ഉൽപാദിപ്പിച്ചു കൂടാ' എന്ന ചിന്തയിൽ 45 വയസ്സിൽ സ്വന്തം സ്ഥാപനം ആരംഭിച്ചു. അവരുടെ മേരി കോ കോസ്മെറ്റിക്സിൽ ഇന്ന് അയ്യായിരം പേർ ജോലി ചെയ്യുന്നുണ്ട്. 'അമേരിക്കൻ ചരിത്രത്തിൽ ഏറ്റവും കഴിവുറ്റ സ്ത്രീ' എന്ന് അവരെ രേഖപ്പെടുത്തിയിട്ടുണ്ട്.

ടോണി റോബിൻസ്: ഇദ്ദേഹത്തിന് ഏഴ് വയസ്സ് ഉള്ളപ്പോൾ രക്ഷിതാക്കൾ വിവാഹ മോചിതരായി. അമ്മ പുനർവിവാഹം ചെയ്തു. അദ്ദേഹത്തോടൊപ്പം വളർന്ന നാല് കുട്ടികളിൽ മൂത്തത് ടോണി റോബിൻസ്. എപ്പോഴും വഴക്കു പറയുന്ന അമ്മയ്ക്കും ഭീഷണിപ്പെടുത്തുന്ന വളർത്തച്ഛനും ഇടയിൽ അനുജനും അനുജത്തിമാർക്കും പാചകം ചെയ്ത് നൽകി വളർന്നു. അതിനു വേണ്ടി ചെറിയ ചെറിയ ജോലികൾ ചെയ്തു. സ്കൂൾ വിദ്യാഭ്യാസം പോലും താണ്ടാത്ത ഇദ്ദേഹത്തിന് സംസാരത്തിൽ കൂടുതൽ അഭിനിവേശം. അങ്ങനെ സെയിൽസ് റെപ്രസെന്റേറ്റീവ് ആയി. ഇപ്പോൾ മോട്ടിവേഷണൽ സ്പീക്കർ. ജീവിതം നിങ്ങൾക്ക് എന്തൊക്കെ ദുരിതങ്ങൾ നൽകിയാലും, നിങ്ങളുടെ അഭിനിവേശം നിങ്ങളെ ഉയർത്തും എന്നതിന് ഉദാഹരണം ടോണി റോബിൻസ്.

ധോണിയിൽ നിന്ന് പഠിക്കണം അഭിനിവേശം

ഇന്ത്യൻ ക്രിക്കറ്റ് ലോകത്തെ തികവുറ്റ നായകൻ, പല വിജയങ്ങൾ വാരിക്കൂട്ടിയ ജേതാവ്, ഏത് സന്ദർഭത്തിലും അമിതാവേശമോ ടെൻഷനോ ഇല്ലാതെ ഉത്തരവാദിത്തം നിറവേറ്റിയതിനാൽ 'ക്യാപ്റ്റൻ കൂൾ' എന്ന് വിശേഷിപ്പിക്കുന്ന താരം. മഹേന്ദ്ര സിംഗ് ധോണി. വിരമിച്ചതിനു ശേഷവും ഇന്ത്യക്കാർ കൊണ്ടാടുന്നു. സചിൻ ടെൻഡുൽക്കറെപ്പോലെ ക്രിക്കറ്റ് സങ്കേതങ്ങൾ അറിയാവുന്ന വ്യക്തി അല്ല ധോണി. 'സാധാരണ എല്ലാവരും കളിക്കുന്ന ഷോട്ടുകളാണ് ഞാനും കളിക്കുന്നത്, അതിനാലാണ് എല്ലാവർക്കും എന്നെ ഇഷ്ടം' എന്ന് അദ്ദേഹം തന്നെ പറയുന്നു. പക്ഷേ, ആ നിമിഷത്തിൽ ജയിക്കാൻ എന്താണ് ചെയ്യേണ്ടതെന്ന് അറിഞ്ഞവർ ധോണിയെപ്പോലെ മറ്റാരുമില്ല. അഭിനിവേശമാണ് അദ്ദേഹത്തെ ആ ഉയരത്തിൽ എത്തിച്ചത്.

ധോണിയെ തങ്ങളുടെ ഹീറോ ആയി കൊണ്ടാടുന്ന കുട്ടികൾക്ക്, ധോണിയിൽ നിന്ന് ക്രിക്കറ്റ് മാത്രമല്ല ജീവിതത്തിന് ആവശ്യമായ ഈ ഗുണങ്ങളും പഠിക്കാം. 'ഏഴ്' എന്ന നമ്പർ എഴുതിയ ഇന്ത്യൻ ടീമിന്റെ ജേഴ്സി ആണ് ധോണിയുടെ അടയാളം. ഈ നമ്പർ സെവനിൽ നിന്ന് പഠിക്കേണ്ട ഏഴ് പാഠങ്ങൾ...

◆ ഇവിടെ ഒരു കാര്യം വിജയകരമായി ആരംഭിക്കാൻ പലരുണ്ട്. പക്ഷേ, അത് വിജയകരമായി പൂർത്തിയാക്കുന്നവർ ചുരുക്കം ചിലരേ ഉള്ളൂ. പലരും പകുതിയിൽ

തന്നെ പാത മാറി, പരാജയം സമ്മതിച്ച് ഒതുങ്ങും. ഏറ്റെടുത്തതിൽ ഉറച്ചു നിന്ന് അവസാനം നിമിഷം വരെ കളത്തിൽ പോരാടി വിജയം നേടുന്ന ചുരുക്കം ചിലരിൽ ഒന്നാമതാണ് ധോണി. 'ദി ഗ്രേറ്റ് ഫിനിഷർ' എന്ന് ക്രിക്കറ്റ് ലോകം അദ്ദേഹത്തെ ആഘോഷിക്കുന്നതിന്റെ കാരണം അതാണ്. ഒരു പ്രവൃത്തി കണ്ണും കാതും ഏകാഗ്രതയും ചിതറാതെ വിജയകരമായി പൂർത്തിയാക്കി കാണിക്കുന്നത് അപൂർവമായ നല്ല ഗുണം. തീർച്ചയായും നാം അത് വളർത്തണം.

◆ ഒരു സാധാരണ പമ്പ് ഓപ്പറേറ്ററുടെ മകനായാണ് ധോണി ജനിച്ചത്. ക്രിക്കറ്റിൽ അദ്ദേഹത്തിനുള്ള അഭിനിവേശവും വളർത്തിയ കഴിവും റെയിൽവേയിൽ അദ്ദേഹത്തിന് ജോലി നേടിക്കൊടുത്തു. ഒരു പമ്പ് ഓപ്പറേറ്ററുടെ മകൻ റെയിൽവേയിൽ ജോലി ചെയ്യുക എന്നതു തന്നെ ഏറ്റവും വലിയ വളർച്ചയാണ്. പക്ഷേ, ധോണിയുടെ സ്വപ്നങ്ങൾ അതിലും വലുതായിരുന്നു. ലഭിച്ചതിൽ കടിച്ചു തൂങ്ങാതെ, തുടർന്ന് അഭിനിവേശത്തോടെ തന്റെ സ്വപ്നം കൈവരിക്കാൻ അധ്വാനിച്ചതിനാൽ മാത്രമാണ് അദ്ദേഹത്തിന് അത് യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞത്. 'വലിയ സ്വപ്നങ്ങൾ കാണണം' എന്ന് തന്റെ ജീവിതം കൊണ്ട് ധോണി ബോധ്യപ്പെടുത്തുന്നു.

◆ ആരുടെ കഴിവ് കണ്ടും ധോണി അസൂയപ്പെട്ടതില്ല. അവരോട് ചെന്ന്, 'അത് എങ്ങനെയാണ് ചെയ്തത്' എന്ന് കേട്ട് മനസ്സിലാക്കാൻ അദ്ദേഹം മടികാണിച്ചില്ല. ധോണി എന്ന്കേൾക്കുമ്പോൾനമുക്ക്ഓർമ്മയിൽവരുന്നത് അദ്ദേഹത്തിന്റെ ഹെലികോപ്റ്റർ ഷോട്ട് ആണ്. ചുഴറ്റി അടിച്ചാൽ, പന്ത് സിക്സർ ആയി പറക്കും. ആ ഷോട്ട് തന്റെ സുഹൃത്തിൽ നിന്ന് ചോദിച്ച് പഠിച്ചതാണ് ധോണി. നമുക്ക് അറിയാവുന്നവ അറിയാത്തവർക്ക് പഠിപ്പിക്കേണ്ടതും അറിയാത്തവ മറ്റുള്ളവരിൽ നിന്ന് പഠിക്കേണ്ടതും അവശ്യം.

◆ തന്നേക്കാൾ വയസ്സിലും അനുഭവത്തിലും മുതിർന്നവരെ മതിക്കുന്ന ഏറ്റവും മികച്ച ഗുണം ഉണ്ട് ധോണിക്ക്. ഇന്ത്യയുടെ മികച്ച ക്യാപ്റ്റന്മാരിൽ ഒരാളായ സൗരവ് ഗാംഗുലി,അദ്ദേഹത്തിന്റെഅവസാന മത്സരം ധോണിയുടെ ക്യാപ്റ്റൻസിക്കു കീഴിലാണ് കളിച്ചത്. അപ്പോൾ അദ്ദേഹത്തിന് മര്യാദ നൽകുന്ന വിധം കളിയുടെ അവസാന നിമിഷങ്ങളിൽ ഗാംഗുലിക്ക് ക്യാപ്റ്റന്റെ ഉത്തരവാദിത്തം നൽകി ആനന്ദത്തിലാഴ്ത്തി ധോണി. 'നാം എത്ര ഉയരത്തിലാണെങ്കിലും, വയസ്സും അനുഭവവും മതിക്കണം' എന്ന് ധോണി ബോധ്യപ്പെടുത്തുന്നു.

◆ ടീമുകളെ നയിച്ച് പല വിജയങ്ങൾ വാരിക്കൂട്ടിയാലും, ഏത് നിമിഷത്തിലും താൻ തലവൻ എന്ന തലക്കനം അദ്ദേഹം തലയിലേറ്റിയിട്ടില്ല.കപ്പ്വാങ്ങിയഅടുത്തനിമിഷം, തന്റെ ടീമിനെ വിളിച്ച് അത് അവർക്ക് കൈമാറും. അതു മാത്രമല്ല വിജയിക്കുമ്പോൾ അദ്ദേഹം ടീമിനെ മുന്നിൽ നിർത്തി സ്വയം പിന്നിലേക്ക് പോകും. പരാജയപ്പെടുമ്പോഴോ, അദ്ദേഹം മുന്നിൽ വന്ന് ഉത്തരവാദിത്തം ഏറ്റെടുക്കും. ഈ നിസ്വാർത്ഥ ശീലം എല്ലാവരും അദ്ദേഹത്തിൽ പഠിക്കേണ്ട ഒന്ന്.

◆ ധോണി മിഡിൽ ഓർഡർ ബാറ്റ്സ്മാനാണോ ടോപ്പ് ഓർഡർ ബാറ്റ്സ്മാനാണോ ലോവർ ഓർഡർ ബാറ്റ്സ്മാനാണോ വിക്കറ്റ് കീപ്പറാണോ ക്യാപ്റ്റനാണോ ഏകദിന താരമാണോ ടെസ്റ്റ് താരമാണോ, ഏതിലാണ് അദ്ദേഹം സ്പെഷ്യലിസ്റ്റ് എന്ന് ചോദിച്ചാൽ, 'എല്ലാത്തിലും' എന്നാണ് ഉത്തരം. ഒരു മേഖലയിൽ തനിക്ക് ഇതേ കഴിയൂ എന്ന് കാലം മുഴുവനും അതിൽ തന്നെ തുടരാതെ, എല്ലാം പരിശ്രമിച്ച്, സങ്കേതങ്ങൾ മനസ്സിലാക്കി, അവയിൽ മികവ് നേടി ധോണി. ചുറ്റുപാടുകൾക്ക് അനുസൃതമായ വേഗവും വിവേകവും കൃത്യമായി കലർത്തി പ്രാവർത്തികമാക്കുന്ന അദ്ദേഹത്തിന്റെ കളിയും അതിൽ ചിതറാത്ത ഏകാഗ്രതയും ധോണിയെ ഉയരങ്ങളിലെത്തിച്ച് ആഘോഷമാക്കുന്നു.

◆ ധോണി തന്റെ ശാരീരികാരോഗ്യത്തിൽ അതീവ ശ്രദ്ധാലുവാണ്. പോഷകാഹാരങ്ങൾ ശീലമാക്കിയതിനാൽ എട്ട് ദിശയിലും അദ്ദേഹം അടിച്ച പന്തുകൾ പറന്നു. ധോണിയേക്കാൾ വേഗത്തിൽ റണ്ണിനായി ഓടുന്ന കളിക്കാർ ആരുമില്ല. തന്നേക്കാൾ പ്രായം കുറഞ്ഞ യുവാക്കളെപ്പോലും ധോണി തോൽപിക്കും. വിജയ ലക്ഷ്യത്തിലേക്കുള്ള നമ്മുടെ യാത്രയിൽ മനസ്സിന്റെ ആരോഗ്യം എത്ര കണ്ട് പ്രധാനമോ ശാരീരിക ആരോഗ്യവും അത്ര കണ്ട് പ്രധാനം. ●

അഭിനിവേശത്താൽ ലഭിക്കുന്ന അറിവ്

വധശിക്ഷയ്ക്ക് വിധിച്ച് ജയിലിൽ ആയിരുന്നപ്പോഴും വായിച്ചു കൊണ്ടേയിരിക്കുകയായിരുന്നു ഭഗത് സിംഗ്. തൂക്കിലേറ്റുന്നതിന്റെ തലേ ദിവസം പോലും പതറാതെ ഒരു പുസ്തകം നിശ്ശബ്ദമായി വായിച്ചു കൊണ്ടിരുന്നു അദ്ദേഹം. നാളെ മരണം ആണെങ്കിലും ഇന്നും തനിക്ക് അഭിനിവേശമുള്ള പ്രവൃത്തി ചെയ്തു അദ്ദേഹം.

തങ്ങളുടെ പ്രവർത്തിയിൽ അഭിനിവേശമുള്ള മനുഷ്യർ ഇങ്ങനെയാണ് ലക്ഷ്യങ്ങൾ ചിട്ടപ്പെടുത്തി അവ നിറവേറ്റുന്നത്. തങ്ങൾക്ക് അഭിനിവേശമായ വിഷയങ്ങളെക്കുറിച്ച് അന്വേഷിച്ച് കണ്ടെത്തി വായിക്കും. പഠിക്കും. കാപ്പി രുചിച്ച് അതിന്റെ തരം പറയാൻ നിപുണർ

അഭിനിവേശം ബോധ്യപ്പെടുന്നത് എങ്ങനെ?

ധാരാളം പേർ തങ്ങൾക്ക് ഏതിലാണ് അഭിനിവേശം എന്ന് തിരിച്ചറിയാത്തവരാണ്. അത് എങ്ങനെ അറിയും? ഏത് നഷ്ടപ്പെട്ടാലാണ് നിങ്ങൾക്ക് നിരർത്ഥകതയും വിഷമവും ഉണ്ടാകുന്നുവോ, അതിലാണ് നിങ്ങൾക്ക് അഭിനിവേശം ഉള്ളത്. ഭക്ഷണം, ഉറക്കം, വസ്ത്രങ്ങൾ എന്നിങ്ങനെയുള്ള ദൈനംദിന കാര്യങ്ങൾ ഒഴിവാക്കാം. ഏതാണോ ചില ദിവസങ്ങൾ ചെയ്യാതിരുന്നാൽ എന്തോ നഷ്ടപ്പെട്ടതു പോലെ അനുഭവപ്പെടുന്നത്, അതിലാണ് നിങ്ങൾക്ക് അഭിനിവേശം.

ഒരാൾക്ക് കാർ ഓടിക്കുന്നത് ഇഷ്ടമാണ്. ഏതു സമയത്ത് ഓടിച്ചാലും അതിൽ വിരസത തോന്നുന്നില്ലെങ്കിൽ, ആ വ്യക്തിക്ക് അതിലാണ് കൂടുതൽ അഭിനിവേശം. ഇത്തരത്തിൽ ഏത് പ്രവർത്തിയിലും ഒരാൾക്ക് അഭിനിവേശം ഉണ്ടെങ്കിൽ, ആ വ്യക്തി സ്വയം ചില ചോദ്യങ്ങൾ ചോദിക്കണം.

ഒരു അഞ്ച് അല്ലെങ്കിൽ പത്ത് വർഷം കഴിഞ്ഞും എനിക്ക് ഇതേ അഭിനിവേശം ഇതിൽ ഉണ്ടായിരിക്കുമോ? ഈ അഭിനിവേശം എന്ത് നൽകും, പണമാണോ അല്ലെങ്കിൽ സന്തോഷം മാത്രമാണോ? സന്തോഷം മാത്രമാണെങ്കിൽ പണം സമ്പാദിക്കാൻ ഞാൻ എന്തു ചെയ്യേണ്ടതുണ്ട്? ഈ ചോദ്യങ്ങൾക്ക് ഉത്തരം മനസ്സിലാക്കി നിങ്ങളുടെ അഭിനിവേശം പിന്തുടരണം.

ചില അഭിനിവേശങ്ങൾ മനതൃപ്തി മാത്രം നൽകും, പണതൃപ്തി നൽകില്ല. ചില അഭിനിവേശങ്ങൾ പണച്ചെലവും ഉണ്ടാക്കും. ഒരാൾക്ക് പിയാനോ വായനയിൽ അഭിനിവേശം ഉണ്ടെങ്കിൽ, അത് വാങ്ങുന്നതു

ഉണ്ട്. ഒരു കവിൾ കുടിക്കുമ്പോഴേ ആ കാപ്പി ഏത് മണ്ണിൽ വിളഞ്ഞത്, അതിന്റെ തരം എന്ത്, അത് എത്ര കണ്ട് ജനങ്ങൾക്ക് ഇഷ്ടപ്പെടും എന്നതെല്ലാം പറയും. സാമ്പാർ തിളയ്ക്കുമ്പോഴേ അതിന്റെ മണം കൊണ്ട് 'ഉപ്പ് അൽപം കുറവാണ്' എന്ന് പറയുന്നവർ ഉണ്ട്. അഭിനിവേശമാണ് അവരെ ഇത്തരത്തിൽ നിപുണർ ആക്കുന്നത്.

അഭിനിവേശത്തോടെ ജീവിക്കണം

നിങ്ങൾക്ക് ഏതിലാണ് കഴിവ് ഉള്ളത്, നിങ്ങൾക്ക് ഏതാണ് പണം സമ്പാദിച്ച് നൽകുന്നത്, നിങ്ങളുടെ ഏത് പ്രവർത്തിയാണ് സമൂഹത്തിന് ഗുണകരമാകുന്നത്, ഏതിലാണ് നിങ്ങൾക്ക് അഭിനിവേശം ഉള്ളത്... ഈ നാല് കാര്യങ്ങൾ വിശകലനം ചെയ്യണം. ഈ നാലും ഒരാൾ ചെയ്യേണ്ടതുണ്ട്. അപൂർവമായി ചിലർക്ക് ഒരേ കാര്യത്തിൽ അഭിനിവേശവും കഴിവും ഉണ്ടായിരിക്കും, അത് പണം സമ്പാദിച്ച് നൽകും. അതിലൂടെ ആ വ്യക്തി സമൂഹത്തെയും സഹായിക്കും.

ജീവിതം ആസൂത്രണം ചെയ്ത്, ഓരോരോ ലക്ഷ്യവും കൈവരിക്കണം എന്ന് നിർണയിക്കണം. അതിന് അനുസൃതമായ കഴിവും അറിവും വളർത്തണം. വ്യക്തതയോടെ പ്രവർത്തിക്കണം, ആ പ്രവർത്തിയിൽ തുടർച്ചയായ പരിശ്രമവും അർപ്പണബോധവും കാണിക്കണം. ആഗ്രഹിക്കുന്നത് നിങ്ങൾക്ക് നേടാൻ കഴിയും.

അഭിനിവേശം വേറെ... കഴിവ് വേറെ...

'നിങ്ങൾക്ക് ഏതിലാണോ അഭിനിവേശം അത് ചെയ്യണം. പണം താനേ വരും' എന്ന് ധാരാളം പേർ ഉത്സാഹപ്പെടുത്തും. പക്ഷേ, അഭിനിവേശം മാത്രമായി എല്ലാവർക്കും എല്ലാ സമയത്തും പണം സമ്പാദിച്ചു നൽകില്ല.

ഏതാണ് നിങ്ങൾക്ക് ഏറെ ഇഷ്ടം? ഏതാണ് നിങ്ങൾക്ക് മികവോടെ ചെയ്യാൻ കഴിയുന്നത്? ഈ രണ്ട് ചോദ്യങ്ങൾക്കും ഒരേ ഉത്തരം പറയുന്നവർ കുറവ്. ക്രിക്കറ്റ് ധാരാളം പേർക്ക് ഇഷ്ടമാണ്. പക്ഷേ, അവർക്ക് മികവോടെ കളിക്കാൻ കഴിയില്ല. പാട്ടും നൃത്തവും പലർക്കും ഇഷ്ടമാണ്. പക്ഷേ, ശബ്ദം മോശമായിരിക്കും, നൃത്തം പഠിച്ചിട്ടുണ്ടായിരിക്കില്ല.

ഒരു ദിവസം ഇരുന്ന് പഠിച്ചാൽ 60 മാർക്ക് വാങ്ങി പാസ് ആകുന്ന വിദ്യാർത്ഥികൾ ഉണ്ട്. അവർ വർഷം മുഴുവനും ഇരുന്ന് പഠിച്ചാൽ, ഒന്നാം റാങ്ക് വാങ്ങാം. പക്ഷേ അഭിനിവേശം കാണിക്കില്ല. നന്നായി ഓടാൻ കഴിവുള്ളവർ കൃത്യമായി പരിശീലിച്ചാൽ മെഡലുകൾ വാരിക്കൂട്ടാം, അതിൽ അഭിനിവേശം കാണിക്കാതെ മറ്റെന്തെങ്കിലും ചെയ്യും.

ഇത്തരത്തിൽ അഭിനിവേശവും കഴിവും ഒത്തുപോകാത്ത ചുറ്റുപാടിൽ ഒരാൾ എന്തു ചെയ്യണം? ഏതിലാണോ അഭിനിവേശം ഉള്ളത്, ആ ദിശയിലേക്ക് പോകുന്നതാണ് നല്ലത്. അഭിനിവേശമുള്ള ഒരു പ്രവർത്തിയിൽ അവർക്ക് ലളിതമായി കഴിവ് വളർത്താൻ കഴിയും. കഴിവുള്ള മേഖലയിൽ അർപ്പണബോധം ഇല്ലാതിരുന്നാൽ മുന്നേറ്റം ഉണ്ടാകില്ല.

അഭിനിവേശം കൊണ്ട് പണം നേടാൻ കഴിയുമോ?

മുതൽ പഠിക്കുന്നതു വരെ എല്ലാം പണച്ചെലവാണ്. എല്ലാവർക്കും അത് പണം സമ്പാദിച്ച് നൽകില്ല. ഇത്തരത്തിൽ ധാരാളം ഉദാഹരണങ്ങൾ പറയാം.

അതിനാൽ ധാരാളം പേർ പണം സമ്പാദിക്കാൻ ഒരു ജോലിയോ തൊഴിലോ ചെയ്യും. അതിൽ ലഭിക്കുന്ന വരുമാനത്തിൽ ഒരു പങ്ക്, തങ്ങൾക്ക് അഭിനിവേശമുള്ള കാര്യത്തിന് ചെലവഴിക്കും. അതിൽ തെറ്റൊന്നുമില്ല.

അഭിനിവേശമാണ് അടിത്തറ

പ്രശസ്തനായ ആർക്കിടെക്റ്റ് ആണ് ക്രിസ്റ്റഫർ റെൻ. അദ്ദേഹത്തിന്റെ ജീവിതത്തിൽ സംഭവിച്ചതായി ഒരു കാര്യം പറയാറുണ്ട്. ലണ്ടൻ മഹാനഗരം അഗ്നിബാധയിൽ തകർന്നടിഞ്ഞപ്പോൾ, പഴയ കെട്ടിടങ്ങളുടെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ നടക്കുകയായിരുന്നു. പുരാതനമായ സെന്റ് പോൾ ദേവാലയം വീണ്ടും പണിതുയർത്തി റെൻ.

ഒരു ദിവസം ആ ജോലി സ്ഥലത്ത് എത്തി റെൻ. അദ്ദേഹം ആദ്യം കണ്ട തൊഴിലാളിയോട്, 'എന്താ ചെയ്യുന്നത്?' എന്ന് ചോദിച്ചു. 'ഞാൻ ജോലി ചെയ്യുകയാണ്' എന്ന് പറഞ്ഞു ആ തൊഴിലാളി. രണ്ടാമത്തെ തൊഴിലാളിയോട് ചോദിച്ചപ്പോൾ, 'ഞാൻ കല്ലുകൾ അടുക്കി ഭിത്തി കെട്ടിക്കൊണ്ടിരിക്കുകയാണ്' എന്ന് പറഞ്ഞു അയാൾ. മൂന്നാമത്തെ തൊഴിലാളിയാകട്ടെ, 'ഞാൻ ദൈവത്തിന് ദേവാലയം പണിതുകൊണ്ടിരിക്കുകയാണ്' എന്ന് പറഞ്ഞു.

ഇതിൽ മൂന്നാമത്തെ തൊഴിലാളി മാത്രമാണ് അഭിനിവേശത്തോടെ ജോലി ചെയ്യുന്നത് എന്ന് പലരും ചിന്തിക്കാം. അങ്ങനെ പറയാൻ കഴിയില്ല എന്നതാണ് സത്യം. മറ്റ് രണ്ട് പേർക്കും തങ്ങളുടെ ജോലിയുടെ ഉന്നതമായ ലക്ഷ്യം അറിയാതിരിക്കാം. മൂവരും ചെയ്യുന്നത് ഒരേ ജോലി തന്നെയാണ്. പക്ഷേ, കാഴ്ചപ്പാടുകളാണ് വ്യത്യസ്തം.

'ഒരാൾ ജോലിയെ എത്ര കണ്ട് സ്നേഹിച്ചാലും ആ ജോലിയോ സ്ഥാപനമോ ആ തൊഴിലാളിയെ സ്നേഹിക്കില്ല' എന്ന് പറയാറുണ്ട്. അത് സത്യമല്ല. അഭിനിവേശത്തോടെ ഉത്തരവാദിത്തം നിറവേറ്റുന്ന ആർക്കും അതിനുള്ള പ്രതിഫലം ലഭിക്കും.

ജോലികളും തൊഴിലുകളും മാറിക്കൊണ്ടേയിരിക്കുകയാണ്. പൈപ്പിടാൻ മുമ്പെല്ലാം തൊഴിലാളികൾ കൂട്ടമായി വന്ന് കുഴി എടുക്കേണ്ടതുണ്ടായിരുന്നു. യന്ത്രങ്ങൾ എത്തിയതിനു ശേഷം ആ ജോലിക്ക് മനുഷ്യർ ആവശ്യമില്ലാതായി. ഇന്നുള്ള പല ജോലികളും അടുത്ത 25 വർഷത്തിൽ അപ്രത്യക്ഷമാകാം എന്ന് പറയുന്നു ടെക്നോളജി നിപുണർ. അവയ്ക്ക് ബദലായി പുതിയ ജോലികൾ സൃഷ്ടിക്കപ്പെടും. 'കമ്പ്യൂട്ടർ മേഖല ഇത്രയും കോടി ജനങ്ങൾക്ക് തൊഴിലവസരം നൽകും' എന്ന് 50 വർഷങ്ങൾക്കു മുമ്പ് സാധാരണക്കാർ ആരും ചിന്തിച്ചിട്ടേ ഉണ്ടായിരിക്കില്ല.

ഏത് ജോലി ചെയ്താലും അത് അഭിനിവേശത്തോടെചെയ്യുകയും മാറ്റങ്ങൾക്ക് അനുസൃതമായി പഠിക്കുന്നതുമാണ് ഒരാളെ എപ്പോഴും യോഗ്യതയുള്ളവരാക്കി മാറ്റുന്നത്. നിങ്ങളുടെ കഴിവും ലോകത്തിന്റെ പ്രതീക്ഷയും ഒത്തുപോകണം. അതായിരിക്കും നിങ്ങൾക്ക് വരുമാനവും ഉയർച്ചയും നൽകുന്ന തൊഴിലവസരം. അതിൽ അഭിനിവേശം ഉണ്ടാക്കുന്നത് ജീവിതത്തിൽ സമാധാനം നൽകും. ●

അത് ഉള്ളിൽ ഉണ്ട്

പബ്ലിക് പരീക്ഷ എഴുതുന്ന സ്ഥലത്ത് വ്യത്യസ്തരായ വിദ്യാർത്ഥികളെ കാണാം. ചിലർ പരീക്ഷാ സമയം കഴിയുന്നതിന് അഞ്ച് മിനിട്ട് മുമ്പ് ഉത്തരങ്ങൾ എഴുതി പൂർത്തിയാക്കി, എല്ലാത്തിനും ഉത്തരം നൽകിയോ എന്ന് ഒരു തവണ നോക്കും. അവർ ശ്രദ്ധയോടെ പരീക്ഷ എഴുതുന്ന വിദ്യാർത്ഥികളാണ്. മറ്റു ചിലർ, ഇൻവിജിലേറ്റർ വന്ന് ഉത്തരക്കടലാസ് പിടിച്ചു വാങ്ങും വരെ എഴുതിക്കൊണ്ടേയിരിക്കും. അവർ ഉൽക്കണ്ഠയോടെ പരീക്ഷ എഴുതുന്ന വിദ്യാർത്ഥികളാണ്.

ചില വിദ്യാർത്ഥികൾ, ബെൽ അടിച്ചതും കൃത്യമായി ഉത്തരക്കടലാസ് മടക്കി ഇൻവിജിലേറ്റർക്ക് നൽകും. അവർക്ക് ഒന്നും ശരിയാണോ എന്ന് നോക്കേണ്ട ആവശ്യമുണ്ടായിരിക്കില്ല. എങ്ങനെ പരീക്ഷ എഴുതണം എന്ന് കൃത്യമായി ആസൂത്രണം ചെയ്ത് വന്നിരിക്കും. കാരണം, അവർ പരീക്ഷ അഭിനിവേശത്തോടെ എഴുതാൻ വന്നവരാണ്.



പക്ഷേ, ഇത്തരത്തിൽ അഭിനിവേശത്തോടെ ഏത് ജോലിയും ചെയ്യുന്നവരെ ഈ സമൂഹം തെറ്റിദ്ധരിക്കാറുണ്ട്. മനുഷ്യകുലം കണ്ട മഹാ സംഗീതജ്ഞനാണ് മൊസാർട്ട്. അഭിനിവേശവും കഴിവുംകൊണ്ട്അദ്ദേഹംസൃഷ്ടിച്ചസിംഫണികൾ പലതും ലോകത്തിന്റെ കാതുകൾക്ക് വിരുന്നായി. പക്ഷേമൊസാർട്ടിന്റെഅച്ഛൻചെറുപ്രായത്തിൽ അദ്ദേഹത്തെഒരുമടിയനായാണ്കരുതിയിരുന്നത്. പലപ്പോഴും മൊസാർട്ടിനെ ശകാരിച്ചു.

യഥാർത്ഥത്തിൽ, മൊസാർട്ട് അലസനല്ല. ഏത് ജോലിയും അഭിനിവേശത്തോടെയും അർപ്പണ ബോധത്തോടെയും ചെയ്യും. അദ്ദേഹത്തിന്റെ ചിന്തയിൽ മുഴുവനും ആ ജോലി നിറഞ്ഞിരിക്കും. അങ്ങനെ ഏത് ജോലിയും അവസാന നിമിഷം വരെ ചെയ്തു കൊണ്ടിരിക്കും. ഇത്തരത്തിൽ എന്തും അവസാന നിമിഷം പൂർത്തിയാക്കുന്നതിനാലാണ് അങ്ങനെ പഴി കേട്ടത്.

മൊസാർട്ട് ഒരിക്കൽ ഓസ്ട്രിയ രാജാവ് ജോസഫ് രണ്ടാമന്റെ കൊട്ടാര സദസ്സിൽ സംഗീത മേള ഒരുക്കി. മേള ആരംഭിക്കുന്നതിന് തൊട്ടു മുമ്പു വരെ, അതിനുള്ള സംഗീത നോട്ടുകളെക്കുറിച്ച് ചിന്തിച്ചു കൊണ്ടിരുന്നു അദ്ദേഹം. അതു കൊണ്ട് അദ്ദേഹത്തിന് അത് എഴുതാൻ കഴിഞ്ഞില്ല. നൊട്ടേഷൻ ബോർഡിൽ ഒരു വെള്ള പേപ്പർ വച്ച ശേഷം അതിൽ സംഗീത നോട്ടുകൾ ഉണ്ടെന്ന് സങ്കൽപിച്ചു. അദ്ദേഹം നടത്തിയതിൽ തന്നെ ഏറ്റവും മികച്ച സംഗീത വിരുന്നായി അത് മാറി.

മേള അവസാനിച്ചതും അഭിനന്ദിക്കാനായി വേദിയിലെത്തിയ രാജാവ്, സംഗീത നോട്ട് താൽപര്യത്തോടെ എടുത്തു നോക്കി. വെറും കടലാസ് കണ്ട് അത്ഭുതപ്പെട്ട രാജാവ്, 'സംഗീത നോട്ടേ ഇല്ലാതെ താങ്കളുടെ സംഗീതം എവിടെ നിന്ന് വന്നു?' എന്ന് ചോദിച്ചു. മൊസാർട്ട് തന്റെ തല കാണിച്ച്, 'ഇവിടെ നിന്ന്' എന്ന് പറഞ്ഞു.

അഭിനിവേശം ഉണ്ടെങ്കിൽ, എല്ലാം മനസ്സിനുള്ളിൽ പതിയും.

കുട്ടികളിൽ അഭിനിവേശം വളർത്തണം

ഒരു ചെറിയ നഗരത്തിൽ ഒരാൾക്ക് ഒരു മരക്കട ഉണ്ടായിരുന്നു. അത് അദ്ദേഹത്തിന്റെ പരമ്പരാഗത തൊഴിൽ ആയിരുന്നു. 'എന്റെ കാലശേഷം ഇത് നീയാണ് ചെയ്യേണ്ടത്' എന്ന് തന്റെ ഒരേയൊരു മകനോട് ചെറിയ വയസ്സിലേ പറയുമായിരുന്നു. അവൻ ആ ജോലി പഠിച്ചെങ്കിലും അതിൽ താൽപര്യം കാട്ടിയില്ല. അതിൽ തനിക്ക് വളർച്ച ഉണ്ടാകില്ലെന്ന് വിശ്വസിച്ചു.

സ്കൂൾ കാലത്തു തന്നെ അവന് പാചകം ഇഷ്ടമാണ്. അമ്മയ്ക്ക് ശാരീരിക സുഖം ഇല്ലാത്തതിനാൽ വീട്ടിൽ എപ്പോഴും അവനായിരുന്നു പാചകം. അതിൽ തനിക്ക് താൽപര്യം ഉണ്ടെന്ന് മനസ്സിലായി. അച്ഛൻ മരിച്ച ശേഷം ധൈര്യസമേതം ആ മരക്കട ഉപേക്ഷിച്ച് ചെറുതായി ഒരു ഹോട്ടൽ ആരംഭിച്ചു. അത് വിജയമായി. നഗരത്തിലെ ഏറ്റവും വലിയ ഹോട്ടലായി അത് വളർന്നു. ഇന്ന് അവന്റെ പക്കൽ 500 പേർ ജോലി ചെയ്യുന്നുണ്ട്.

കുട്ടിക്കാലത്തേ 'നീ ഭാവിയിൽ ഇതാണ് ചെയ്യേണ്ടത്' എന്ന് കുട്ടികളെ കടിഞ്ഞാൺ കെട്ടിയ കുതിരയെപ്പോലെ ഓടിക്കാതെ, അവരുടെ അഭിനിവേശം കണ്ടറിഞ്ഞ് ആ ദിശയിൽ തിരിച്ചുവിടണം എന്നത് ബോധ്യപ്പെടുത്തുന്ന കഥയാണ് ഇത്. കുട്ടികളുടെ അഭിനിവേശം കണ്ടറിഞ്ഞ് വളർത്താൻ എന്തു ചെയ്യണം?

◆ കുട്ടികൾ ഏതിലെങ്കിലും വിജയിച്ചാൽ മാത്രം അവരെ പല രക്ഷിതാക്കളും അഭിനന്ദിക്കും. അവരുടെ വിജയങ്ങൾ മാത്രം അഭിനന്ദിക്കുന്നത് ശരിയായ രീതിയല്ല. ചില കാര്യങ്ങൾ അവർ ശ്രമിച്ച് തോറ്റുപോയിരിക്കാം. ആ ശ്രമത്തെ അഭിനന്ദിക്കണം. പലസ്കൂളുകളിലും ഏതെങ്കിലും ഒരു മത്സരത്തിൽ പങ്കെടുത്താലേ 'പാർട്ടിസിപ്പന്റ്' എന്ന സർട്ടിഫിക്കറ്റ് നൽകും. കുട്ടികളെ പ്രോത്സാഹിപ്പിക്കാനുള്ള ഒരു പരിശ്രമമാണ് ഇത്.

◆ കുട്ടികൾ പുതിയ കാര്യങ്ങൾ ചെയ്യാൻ ശ്രമിക്കുമ്പോൾ, 'നിനക്ക് ഇതൊന്നും അറിയില്ല. വേണ്ടാത്തത് ചെയ്യരുത്' എന്ന് തടുക്കരുത്. ആ വിഷയം അവരുടെ വളർച്ചയ്ക്ക് സഹായിക്കുമെങ്കിൽ, പ്രോത്സാഹിപ്പിക്കണം. റിസ്ക് എടുക്കാനുള്ള അവരുടെ ധൈര്യം അഭിനന്ദിക്കണം.

◆ 'എനിക്ക് കഴിയും' എന്ന മാനസികനില കുട്ടികളിൽ ഉണ്ടാക്കണം. 'ഇത് ചെയ്യാൻ കഴിയില്ല' എന്ന്അവർപിൻവാങ്ങുന്നഅവസ്ഥ

ഉണ്ടാക്കരുത്. കഠിനമായ പരിശ്രമങ്ങൾക്കു ശേഷം നിങ്ങൾ നേടിയ കഥകൾ പറഞ്ഞ് അവരെ പ്രചോദിപ്പിക്കണം. അത് എവിടെ നിന്ന് പഠിക്കാം, എങ്ങനെ അത് കൂടുതൽ മികവോടെ ചെയ്യാം എന്നെല്ലാം അവർക്ക് വഴികാട്ടണം.

◆ കുട്ടികൾക്ക് പല വിധത്തിലുള്ള ഭയങ്ങൾ ഉണ്ടാകും. ആ ഭയങ്ങളിൽ അവർ പിന്മാറരുത്. അത്തരം ചുറ്റുപാടുകളിൽ രക്ഷിതാക്കൾ വഴികാട്ടിയാകണം. ഓരോ തവണയും ഭയത്തെ തോൽപിച്ച് അവർ മുന്നേറുമ്പോൾ, അത് കുറിച്ചു വയ്ക്കണം. ഇടയ്ക്കിടെ അത് അവരോട് പറയണം.

◆ കുട്ടികളിൽ ധൈര്യവും അഭിനിവേശവും വളർത്താൻ ശരിയായ ചോദ്യങ്ങൾ ചോദിക്കണം. 'മുമ്പ് നീ ചെയ്യാൻ ഭയന്ന ഒരു കാര്യം ഇപ്പോൾ ലളിതമായിട്ടില്ലേ', 'നിനക്ക് എന്തെങ്കിലും ചെയ്യാൻ ഭയം തോന്നുന്നുണ്ടോ, ആ ഭയം അകറ്റാൻ ഞാൻ എങ്ങനെയാണ് സഹായിക്കേണ്ടത്', 'ഇത്രയും ഭയക്കുന്നല്ലോ, ഇത് ചെയ്തതു കൊണ്ട് എന്ത് വിപരീതം നടക്കുമെന്നാണ് കരുതുന്നത്, ആ ഭയത്തിന് എന്തെങ്കിലും തെളിവുണ്ടോ', 'ഇതു പോലെ നിന്റെ സുഹൃത്തുക്കൾ ഭയന്നാൽ അവരെ ഏത് രീതിയിൽ നീ സമാധാനിപ്പിക്കും' എന്നൊക്കെ ചോദ്യങ്ങൾ ചോദിക്കണം.



◆ ഉപദേശങ്ങൾ കൊണ്ട് ഫലം ഒന്നുമില്ല. അത് അവരിൽ ഒരു മാറ്റവും ഉണ്ടാക്കില്ല. അതിനു പകരം സംസാരിക്കണം. അവരെ മടിക്കാതെ തങ്ങളുടെ ഭയം പങ്കുവയ്ക്കാൻ അനുവദിക്കണം. ദേഷ്യവും ടെൻഷനും കൊണ്ട് അവരെ തടസ്സപ്പെടുത്തിയാൽ, അവർ സംസാരം അവസാനിപ്പിക്കും.

◆ ഒന്നും നിർബന്ധിച്ച് ചെയ്യിക്കരുത്. 'നീന്തൽക്കുളം കണ്ട് ഭയക്കുന്ന ഒരു കുട്ടിയെ നിർബന്ധിച്ച് തള്ളിവിട്ടാൽ തനിയേ നീന്തൽ പഠിക്കും' എന്ന് പഴമക്കാർ പറയും. പക്ഷേ, ആ ക്രൂര ചികിത്സ ആ കുട്ടിക്ക് വെള്ളത്തിനോടുള്ള ഭയം വർധിപ്പിക്കും.

◆ കണക്ക് പാഠത്തെക്കുറിച്ച് ചിന്തിച്ച് കുട്ടി ഭയപ്പെടുകയാണോ? വീട്ടിൽ അരികിലിരുത്തി ചില കണക്കുകൾ എഴുതി വഴികാട്ടണം. പുതിയ ടീച്ചറെ ഓർത്ത് ഭയപ്പെടുകയാണോ? ആ ടീച്ചറെപ്പോലെ നിങ്ങളെ കരുതാൻ ആവശ്യപ്പെട്ട് സംസാരിക്കണം. ഭയപ്പെടുന്ന ഏത് കാര്യവും ശീലിച്ചാൽ ഭയം അപ്രത്യക്ഷമാകും എന്ന് അവരെ ബോധ്യപ്പെടുത്തണം.

◆ സൈക്കിൾ ഓടിച്ചു പഠിക്കാൻ കുട്ടി ഭയപ്പെടുന്നുണ്ടോ? മുമ്പ് ഇതേ പോലെ ഭയന്ന ഒരു വിഷയം ഇപ്പോൾ അവർ ഉത്സാഹത്തോടെ ചെയ്യുന്നുണ്ടാകും. ആ ഉദാഹരണം പറയണം. 'നിന്റെ സുഹൃത്തുക്കൾ എല്ലാവരോടും നിന്റെ ധൈര്യത്തെക്കുറിച്ച് അഭിമാനത്തോടെ പറയാം' എന്ന് പ്രോത്സാഹിപ്പിക്കണം.

◆ കുട്ടികളെ മറ്റുള്ളവരുമായി താരതമ്യം ചെയ്ത് അപമാനിക്കരുത്. അതേ സമയം അവരിൽ ആരോഗ്യകരമായ മത്സര മനോഭാവം ഉണ്ടാക്കുന്നതിൽ തെറ്റില്ല. 'നന്നായി ഓടി പരിശീലിച്ച് സ്കൂളിൽ നടക്കുന്ന മത്സരത്തിൽ എല്ലാവരേയും പിന്നിലാക്കി നീ ആദ്യം ഓടി എത്തണം' എന്ന് പറയുന്നത് അവരിൽ പ്രചോദനവും അഭിനിവേശവും ഉണർത്തും.

◆ കുട്ടികൾ വളരുന്തോറും പല കാര്യങ്ങൾ പഠിക്കേണ്ടതുണ്ട്. ഓരോന്നിനെക്കുറിച്ചും പോസിറ്റീവായി അവരോട് വിശദീകരിക്കണം. 'ഇത് എനിക്ക് കഴിയുമോ' എന്ന സംശയം ചെറുതായി ഉണ്ടായാലും അവരോട് പോസിറ്റീവ് ആയി സംസാരിച്ച് ആത്മവിശ്വാസം ഏർപ്പെടുത്തണം. അതാണ് അവരിൽ അഭിനിവേശം ഉണർത്തുന്നത്.

◆ സ്വന്തമായി ചിന്തിച്ച് തീരുമാനമെടുക്കാനുള്ള ശീലം കുട്ടികളിൽ വളർത്തണം. രക്ഷിതാക്കളുടെ വഴികാട്ടൽ പ്രതീക്ഷിച്ച് അവർ ഇരിക്കരുത്. ഓരോ കാര്യത്തെക്കുറിച്ചും അവർ തന്നെ ചിന്തിച്ച് തീരുമാനങ്ങൾ എടുക്കുമ്പോൾ സ്വാഭാവികമായി അവർക്കുള്ളിൽ അഭിനിവേശം മുളപൊട്ടും. ●

ജോലി അഭിനിവേശത്തോടെ ചെയ്യണം

'ആഗ്രഹിച്ച ജോലി കിട്ടിയില്ല... അതു കൊണ്ട് കിട്ടിയ ജോലി ചെയ്യുന്നു' എന്ന ചിന്തയോടെ ജോലിക്ക് പോകുന്ന പലരും ആ ജോലിയുമായി പൊരുത്തപ്പെട്ടു പോകില്ല. ജീവിക്കാൻ മറ്റു മാർഗമില്ലാതെ ജോലി ചെയ്യുന്നവർ, അത് ഒരു കടമയ്ക്കായിരിക്കും ചെയ്യുക. ഒരു ജോലി തങ്ങളുടെ അടയാളവും ജീവിതവുമായി ചിന്തിക്കുന്നവർ അത് അഭിനിവേശത്തോടെ ചെയ്യും. ഇത്തരത്തിൽ അഭിനിവേശത്തോടെ ചെയ്യുന്നവർക്ക് ജീവിതത്തിൽ എന്തൊക്കെ ലഭിക്കും?

❖ ശരാശരി മനുഷ്യർ ഒരു ജോലിയെ തങ്ങൾക്ക് വരുമാനം നേടിത്തരാനുള്ള അവസരമായി മാത്രം ചിന്തിക്കും. അഭിനിവേശത്തോടെ അത് ചെയ്യുന്നവരോ, ജീവിതകാലം മുഴുവനും തങ്ങൾക്ക് മതിപ്പും അടയാളവും നൽകുന്ന ഒരു കാര്യം എന്ന് അതിനെ ഉന്നതമായി കരുതും.

❖ ശരാശരി മനുഷ്യർ ഒരു ജോലിയെ ഹ്രസ്വകാല പ്രവൃത്തിയായി മാത്രം കരുതും. ആ ജോലിയിൽ അവർക്ക് ഒരു ആത്മാർത്ഥതയും ഉണ്ടാകില്ല. അഭിനിവേശമുള്ള ജോലിക്കാർ, ഏത് സമയത്തും ആ ജോലിയെക്കുറിച്ചുള്ള ചിന്തയിലായിരിക്കും.

❖ ഒരു ജോലിയിൽ ചേർന്നതിനു ശേഷം പോലും ആ ജോലിക്ക് ആവശ്യമായ പാടവവും സങ്കേതങ്ങളും പരിശീലനവും പൂർണമായി നേടാൻ ശരാശരി മനുഷ്യൻ താൽപര്യം കാണിക്കില്ല. അഭിനിവേശമുള്ളവരോ, ആ ജോലിക്ക് ആവശ്യമായ എല്ലാ പരിശീലനങ്ങളും എവിടെ നിന്ന് ലഭിക്കുന്നുവോ അവിടെ നിന്നെല്ലാം പഠിക്കും.

❖ ഒരു ജോലിയിൽ ശമ്പളമായി ലഭിക്കുന്ന പണം മാത്രം മിച്ചം എന്ന് ചിന്തിക്കും ശരാശരി മനുഷ്യർ. അഭിനിവേശമുള്ള മനുഷ്യർക്ക് ആ ജോലിയിൽ ലഭിക്കുന്ന അനുഭവങ്ങളും മനസംതൃപ്തിയും ആണ് പ്രധാനം എന്ന് മനസ്സിലാകും. വരുമാനം അടുത്ത വിഷയമായിരിക്കും.

❖ ശരാശരി മനുഷ്യർക്ക് തങ്ങൾ ചെയ്യുന്ന ജോലിയിൽ വലിയ വളർച്ച ലഭിക്കില്ല. അവർ അതിനുള്ളആൾക്കാർഅല്ലെന്ന്സ്ഥാപനങ്ങൾക്ക് മനസ്സിലാകും. പക്ഷേ അഭിനിവേശമുള്ള മനുഷ്യർ തങ്ങളുടെ ജോലി കൂടുതൽ മികവോടെ ചെയ്ത് സ്ഥാപനത്തിന് പുരോഗതി നൽകുന്നതിനാൽ അവർക്ക് പ്രൊമോഷൻ, ശമ്പള വർധന എന്നിങ്ങനെ എല്ലാം ലഭിക്കും.

❖ ശരാശരി മനുഷ്യരുടെ വരവ് വലിയ കരുത്തായോ അവർ ജോലി വിട്ടു പോകുന്നത് നഷ്ടമായോ സ്ഥാപനങ്ങൾ ചിന്തിക്കാറില്ല. പക്ഷേ, അഭിനിവേശമുള്ള ജീവനക്കാരെ ഒരു ചുറ്റുപാടിലും നഷ്ടപ്പെടുത്താൻ ആഗ്രഹിക്കില്ല. ഒരു പക്ഷേ അവർ പുറത്തു പോയാലും അവരെ ഏത് വിധേനയും തിരികെ ജോലിയിൽ എത്തിക്കാൻ പരിശ്രമിച്ചു കൊണ്ടേയിരിക്കും സ്ഥാപനങ്ങൾ.

Owned, Published by K.R. NAGARAJAN, Published from 10, Sengunthapuram Mangalam Road, TIRUPUR - 641 604 &
Printed by B. ASHOK KUMAR at RATHNA OFFSET PRINTERS,
40, Peters Road, Royapettah, Chennai - 600 014. Editor : T.J. GNANAVEL

SUKRA SUPER FINE COTTON VESTS | ROMEX SUPERIOR BANIANS | RISE-UP PREMIUM BANIANS | ACOSTE LUXURY INNERWEARS | Breeze Eye Let Vests | WinStripe STRIPED BANIANS | ARCHERY GYM VEST | COMPACT PREMIUM COTTON RIB VESTS | LITTLE STARS KIDS INNERWEARS

Available at Ramraj Showrooms and All Leading Textile Shops | Shop Online at www.ramrajcotton.in

Venma Monthly - Postal Registration No. TN/TRU/31/2024-26. Registered with the Registrar of Newspapers for India under No.TNMAL/2017/75251.
Day of Publishing: 01-12-2025.Posted at Tirupur BPC on 5th of every month.